₹ 15

പുസ്തകം - I
ലക്കം - I
2018 ആഗസ്റ്റ്

# ജ്ഞാനദീപം

കുട്ടികളുടെ ത്രൈമാസിക







പ്രിയ കൂട്ടുകാരേ,


ബഥനിയുടെ ശതാബ്ദി വേളയിലേക്കാണ് 'ജ്ഞാനദീപം' മിഴി തുറക്കുന്നത്. കുഞ്ഞുമനസ്സുകളിലേക്കു പകർന്നു നൽകേണ്ട ദൈവ–മനുഷ്യബന്ധത്തിന്റെയും നന്മയുടെയും സത്യത്തിന്റെയും ബാലപാഠങ്ങളുമായി ബഥനി നവജീവൻ പ്രൊവിൻസ് 'ജ്ഞാനദീപ'ത്തിന്റെ ആദ്യ ലക്കത്തിന് പ്രാരംഭമിടുന്നു. കഥയും കവിതയും നാടകവും സദൃശ്യവാക്യങ്ങളും സമസ്യകളും വരകളും ചിത്രങ്ങളും ചിത്രകഥകളും ഇഴചേർന്നൊരുക്കുന്ന വായനയുടെയും കാഴ്ചയുടെയും ബാല വിഭവമാണ് 'ജ്ഞാനദീപം'. ഈ സംരംഭത്തിന് കൈകോർക്കുന്ന ഏവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ബഥനിയുടെ സ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും ബഥനി മദ്ധ്യസ്ഥരുടെയും പരിശുദ്ധ ദൈവമാതാവിന്റെയും മദ്ധ്യസ്ഥതയിൽ 'ജ്ഞാനദീപ'ത്തെ സമർപ്പിക്കുന്നു. ജ്ഞാനദീപം, എന്റെയും നിന്റെയും നേരിന്റെയും നേർവഴിയുടെയും ബാലപാഠമാണ്.

സ്നേഹപൂർവ്വം
**റവ. ഫാ. മാത്യൂ ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ

# ജ്ഞാനദീപം

₹ 15


പുസ്തകം - I
ലക്കം - I
2018 ആഗസ്റ്റ്


C/o നവജീവൻ പ്രൊവിൻഷ്യൽ ആശ്രമം
നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം - 695 015
ഫോൺ - 9497889876


“ദൈവമേ
ദൈവസംസർഗ്ഗമായിരിക്കട്ടെ
എന്റെ ജീവിതം”


രക്ഷാധികാരി
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

ചീഫ് എഡിറ്റർ
ഫാ. ഗീവർഗീസ് തിരുവാലിൽ ഒ.ഐ.സി

എഡിറ്റർ ഇൻ ചാർജ്ജ്
ഉണ്ണി അമ്മയമ്പലം.

പബ്ലിഷർ
ഫാ. ജേക്കബ് ദയാനന്ദ് ഒ.ഐ.സി

സർക്കുലേഷൻ മാനേജർ
ഫാ. തോമസ് ജോർജ്ജ് ഒ.ഐ.സി

നിർദ്ദേശക സമിതി
ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി
ഫാ. ഡൊമനിക് സാവിയോ ഒ.ഐ.സി
ഫാ. തോമസ് സിജോ ഒ.ഐ.സി
ഫാ. ഡാനിയൽ ജീവൻ ഒ.ഐ.സി

കവർ
ശ്രീമതി സോസി തോമസ്

ഡിസൈൻ
റോണി ഓറഞ്ച് പ്രസ്സ്

വര
ആർട്ടിസ്റ്റ് ദേവസി മൂക്കന്നൂർ
ആർട്ടിസ്റ്റ് സി.എൻ രാജു വടുതല

ലേ ഔട്ട് & പ്രിന്റിംഗ്
ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്




പ്രിയ കൂട്ടുകാരേ,

മിശിഹാനുകരണ സന്യാസ സമൂഹം-ബഥനി- ഒരു നൂറ്റാണ്ട് പിന്നിടുകയാണ്. ക്ഷയോന്മുഖമായ ആദ്ധ്യാത്മിക ചൈതന്യം വീണ്ടെടുക്കാൻ ത്യാഗധനനായ ഒരു യോഗിവര്യന്റെ മഹാപ്രയാണമായിരുന്നു ബഥനി. വ്യക്തിയുടെ ആത്മശുദ്ധീകരണത്തിലൂടെ സമൂഹം പ്രഭാഭരിതമാകുമെന്ന പരമഹിതത്തിന്റെ സാക്ഷാത്കാരമായിരുന്നു ഇത്. നമ്മുടെ അഗ്രഗാമിയായ ആ ഇവാനിയൻ വെളിച്ചം സമൂഹത്തെ എത്ര സമൃദ്ധമാക്കിയിരിക്കുന്നു. എന്നാൽ ഈ ഭൗതികപുരോഗതിയിൽ അലസഗമനം ചെയ്യേണ്ടവരല്ല നമ്മൾ എന്ന് തിരുമേനിയുടെ വിശുദ്ധവചനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

നമ്മെ നയിക്കുന്നത് ദിവ്യമായ ഒരു ഗിരിദീപമാണ്. ദൈവസാന്ദ്രമായ ആ പ്രകാശവലയത്തിൽ നാം അനുഗൃഹീതരാകുന്നു. അതുകൊണ്ടുതന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കുക, സ്വന്തം നിയോഗം കണ്ടെത്തുക എന്ന സുഭാഷിതം സ്വീകരിക്കാൻ നമ്മുടെ ഹൃദയം സജ്ജമാകട്ടെ. അതിനുള്ള ആദ്യശുശ്രൂഷയാണ് ജ്ഞാനദീപം. ജ്ഞാനം സ്നേഹവും സ്വാതന്ത്ര്യവുമാണ്. അജ്ഞാനത്തിന്റെ ഇരുട്ടകലുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥപൂർണ്ണമായിതീരുന്നത്.

നമ്മുടെ കുട്ടികൾ ഭാവിയുടെ നിയന്താതാക്കളാണ്. കളങ്കരഹിതമായ മനസ്സുകളിൽ അറിവിന്റെ നറുനിലാവാകാൻ ജ്ഞാനദീപത്തിനു കഴിയട്ടെ.... പൂർണ്ണതയിലേക്കുള്ള പ്രയാണത്തിൽ ജീവിതം ദൈവാഭിമുഖമാകാൻ ജ്ഞാനദീപം നിമിത്തമാകട്ടെ.

ഇവാനിയൻ ബഥനി ഒരു നൂറ്റാണ്ടു കടക്കുന്ന ഈ പുണ്യനിമിഷത്തിൽ, ഭാരതം എഴുപത്തിരണ്ടാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ അഭിമാന മുഹൂർത്തത്തിൽ ആദരപൂർവ്വം ജ്ഞാനദീപം പ്രകാശിപ്പിക്കട്ടെ....

സ്നേഹപൂർവ്വം

**ഫാ. ഗീവർഗീസ് തിരുവാലിൽ** ഒ.ഐ.സി

ചീഫ് എഡിറ്റർ

***Seek good and not evil***
***that you may live;***
***Then truly will the LORD, the God of hosts,***
***be with you as you claim! – Amos 5:14***

*Do you like to swim? May be someday you'll be a life guard. They are specially trained to help people in the water. But what do you do when lifeguard is in danger? No matter what time it is or where you are, you can call on the Lord God for his help and he will be your saviour at all times.*

***Lord, I know You will always help me.***
***With You by my side, I never walk alone.***



# പ്രാർത്ഥന

ദൈവമേ ദൈവമേ
കൈവിടല്ലെ ഞങ്ങളേ
കാത്തുകൊൾക കാത്തുകൊൾക
കുഞ്ഞുമക്കൾ ഞങ്ങളെ

യേശുവേ യേശുവേ
കൂടെ വന്നിരിക്കണം
ഒത്തിരിപ്പഠിക്കുന്നേരം
കൂട്ടു വന്നിരിക്കണം

പാവനാത്മ പാവനാത്മ
ബുദ്ധിയെ തെളിക്കണം
ശുദ്ധി തന്റെ ദീപമെന്നും
ശക്തിയായ് വരേണമേ

ദൈവമേ ദൈവമേ
കൈവിടല്ലെ ഞങ്ങളെ
കാത്തുകൊൾക കാത്തുകൊൾക
കുഞ്ഞുമക്കൾ ഞങ്ങളെ

# ഗുരുത്വം



പണ്ട് പണ്ട് നമ്മുടെ ഈ ഭാരതത്തിൽ ഗുരുകുല വിദ്യാഭ്യാസമാണ് നടന്നുവന്നിരുന്നത്. പഠനം തുടങ്ങുമ്പോൾ മുതൽ അത് പൂർത്തീകരിക്കുന്നതുവരെ ഗുരുകുലത്തിൽ ഗുരുവിന്റെ കൂടെയായിരുന്നു താമസം. ഗുരുവിനെ ശിഷ്യർ ദൈവത്തിനു തുല്യം കണ്ടിരുന്നു. ഗുരുമുഖത്തു നിന്നു പാഠങ്ങൾ സ്വീകരിച്ചാണ് ശിഷ്യന്മാർ ഭവനങ്ങളിലേക്ക് മടങ്ങിയിരുന്നത്.

ആ നാട്ടിലെ പ്രമാണിയായിരുന്നു രാമസ്വാമി. അദ്ദേഹത്തിന്റെ ഏക മകനാണ് സൂര്യവർമ്മ. അദ്ദേഹം തന്റെ മകനെ ഗുരുകുലത്തിൽ കൊണ്ടാക്കി. അവന് അനുസരണയും ക്ഷമയും ഒന്നും ഇല്ലായിരുന്നു. അവൻ കുസൃതി നിറഞ്ഞ ഒരു കുട്ടിയായിരുന്നു. ഒരു ദിവസം അവൻ ഗുരുകുലത്തിൽ നിന്ന് ഒളിച്ചോടി വീട്ടിൽ ചെന്നു. വീട്ടിൽ ചെന്നപ്പോൾ അച്ഛൻ അവനെ ഒരുപാട് ശകാരിച്ചു. എന്നിട്ടു പറഞ്ഞു: "നീയെന്റെ മുമ്പിൽ നിന്ന് പൊയ്ക്കോ. വിദ്യ കൊണ്ടു കണ്ണു തെളിയണം, മനസ്സു തെളിയണം, ബുദ്ധി

തെളിയണം, സ്വഭാവം നന്നാവണം അവസാനം 'മൂന്നക്ഷര'വും നേടി വരാനാണു ഞാൻ നിന്നെ ഗുരുകുലത്തിലേക്ക് അയച്ചത്." അങ്ങനെ സൂര്യൻ വീണ്ടും ഗുരു കുലത്തിലേക്ക് തിരിച്ചുപോയി. അവിടെ അവൻ നല്ല ഒരു ശിഷ്യനായി ജീവിച്ചു. ഗുരുവിന് സൂര്യനെ കുറിച്ച് നല്ല അഭിപ്രായമായി .രണ്ട് മൂന്ന് വർഷം കഴിഞ്ഞപ്പോൾ അവിടുത്തെ ഏറ്റവും നല്ല ശിഷ്യ നായി മാറി അവൻ. വർഷങ്ങൾക്കു ശേഷം എല്ലാ വിദ്യയും അഭ്യസിച്ച് എല്ലാം ഹൃദിസ്ഥമാക്കി സൂര്യൻ. ഗുരു സൂര്യവർമ്മയെ വിളിച്ചു എന്നിട്ടു പറഞ്ഞു "നീ എനിക്ക് ഇഷ്ട ശിഷ്യനായിരുന്നു, സത്സ്വ ഭാവിയും വിനയാന്വിതനും സമ്പന്നനുമായിരുന്നു. നിനക്ക് ഇനി നിന്റെ വീട്ടിലേക്കു പോകാം." അവൻ ഗുരുദക്ഷിണ നൽകി വണങ്ങി നിന്നു. അപ്പോൾ അവനെ അനുഗ്രഹിച്ചുകൊണ്ട് ഗുരു പറഞ്ഞു.

"ഗുരുത്വം അതാണ് അന്നു നിന്നോട് അച്ഛൻ പറഞ്ഞ മൂന്ന ക്ഷരം. സ്വഭാവമഹിമ കൊണ്ടും സംതൃപ്തി കൊണ്ടും നിന്നിലതു നിറഞ്ഞു നിൽക്കട്ടെ."

ആത്മസംതൃപ്തിയോടെ സൂര്യൻ ഗുരുവിനോട് വിടചൊല്ലി. അക്ഷരം എന്ന വാക്കിന് 'ക്ഷരമ ല്ലാത്ത' അഥവാ നാശമില്ലാത്തത് എന്നർഥം. അക്ഷരം പഠിപ്പിച്ചുതരു ന്നവർ ആരായാലും അവർ ആദര ണീയരാണ്.

ജയലക്ഷ്മി.എസ്. പുനലൂർ

# My Friends



Flowers are my friends colourful
who make our lives beautiful.
Fragrance they spread are wonderful
And everyone enjoys it heartful
They possess beauty plentiful
Making everyone cheerful

***Maithrey Ray and Asha***

ബാപ്പുജി കഥകൾ



# ഒരു തിരുപ്പിറവി

'ഹായ്! എന്തു ഓമനത്തമുള്ള പൊൻകുഞ്ഞ്! '

ചോരക്കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഗാന്ധികുടുംബത്തിൽ ഓടിയെത്തിയ അയൽക്കാർക്കും ബന്ധുക്കൾക്കുമെല്ലാം അത്യാനന്ദത്തിന്റെ നിമിഷങ്ങളായിരുന്നു അത്

'കുഞ്ഞിന്റെ ചെവികൾ കണ്ടില്ലേ ? നല്ല വലുപ്പം! ശുഭലക്ഷണമാണ്!' ചില കാരണവൻമാർ തങ്ങളുടെ വിശ്വാസങ്ങളുടെ മണിച്ചെപ്പ് തുറന്നു.

ഇതിനിടയിൽ വീട്ടുകാരിൽ ചിലർ മധുരപലഹാരങ്ങൾ പങ്കുവച്ചു. ഗാന്ധി കുടുംബത്തിന്റെ സന്തോഷത്തിൽ എല്ലാവരും പങ്കുചേരുകയായിരുന്നു.

1869 ഒക്ടോബർ രണ്ടാം തീയതി ഗുജറാത്തിലെ പോർബന്തറിലായിരുന്നു ഈ സന്തോഷം. ഒരു ശിശുവിന്റെ ജനനം ആഘോഷിക്കുകയായിരുന്നു അവർ.

എല്ലാവരുടേയും പ്രീതിക്കു പാത്രമായി ആ ഓമനപ്പൈതൽ വളർന്നു. പോർബന്തറിലെ ദിവാനായിരുന്നു അവന്റെ അച്ഛൻ കരംചന്ദ് ഗാന്ധി. അമ്മ പുത്‌ലിബായ്. അവർ അവനു മോഹൻദാസ് എന്നു പേരിട്ടു. 'മോഹനിയ' എന്ന ചെല്ലപ്പേരു വിളിച്ചാണ് അമ്മ അവനെ ലാളിച്ചത്. സ്കൂളിൽ ചേർന്നപ്പോൾ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്നായി.

മോഹനിയയ്ക്ക് കഷ്ടിച്ച് ഏഴുവയസ്സുള്ളപ്പോൾ അവന്റെ അച്ഛന് പോർബന്തറിൽ നിന്ന് രാജ്കോട്ടിലേക്ക് സ്ഥലം മാറ്റമുണ്ടായി. അതുകൊണ്ട് രാജ്കോട്ടിലായിരുന്നു അവന്റെ പ്രാഥമിക വിദ്യാഭ്യാസം.

നാണം കുണുങ്ങിയായ മോഹനിയയ്ക്ക് സഹപാഠികളുമായി കൂട്ടുകൂടാൻ മടിയായിരുന്നു. പഠിക്കാനുള്ള പുസ്തകങ്ങൾ മാത്രമായിരുന്നു അവന്റെ ചങ്ങാതിമാർ. രാവിലെ കൃത്യസമയത്തുതന്നെ മോഹനിയ സ്കൂളിലെത്തും. സ്കൂൾ വിട്ടാലോ ? പിന്നെ കത്തിച്ചുവിട്ട വാണം പോലെ വീട്ടിലേക്ക് ഒറ്റ ഓട്ടമാണ് !


വീടിന്റെ തറയിൽ ചുണ്ണാമ്പു കല്ലുകൊണ്ട് വരയ്ക്കുന്നതും കളിമണ്ണു കൊണ്ട് ദേവീദേവന്മാരുടെ കൊച്ചുകൊച്ചു പ്രതിമകൾ ഉണ്ടാക്കുന്നതും അവന്റെ ഇഷ്ടവിനോദമായിത്തീർന്നു.


വളർന്നു വലുതായപ്പോഴോ? നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യവും അഭിമാനവും മെനഞ്ഞെടുത്ത മഹാനായി മാറി മോഹനിയ. സാക്ഷാൽ മഹാത്മജി.


-സിപ്പി പള്ളിപ്പുറം


# Keep Shining

One evening a man took a small candle from a box and began to climb a long, winding stairway.
"Where are we going?" asked the candle.
"We're going up higher than the house to show ships the way to the harbour."
"But no ship in the harbour could ever see my light" said the candle. "It is so very small."
"If your light is small" the man said: "just keep burning brightly and leave the rest to me." When they reached the top of the long steps, they came to the large lamp. Soon the great polished reflectors behind the lamp sent beams of light out across miles of sea.
**We are God's lamps. Our job is to keep on shining, and our effectiveness is in his hands.**


GREEDY
Script:
Jino Joseph Vilakkupara
Art
Devassy
Never forget !!! In Every greedy thought there is an there is an unseen tiger which will gulp you. Even Jesus was tested by satan after 40 days of fasting, if he would have fallen for the greed we would have never existed today
Once a traveller was walking through a wide valley.
As the traveller was very much tired, he saw a very big tree and its shade,from a distant place
Aha ! I see the shade of a tree there.
The tree was not an ordinary tree, it was a wish-fulfilling divine tree, but the poor traveller was unaware of this.
I wish I could get a bed to relax myself
Wow ! A bed now I would lie down comfortably and relax very well


If I could get someone to share my jokes, how nice it would have been!
A servant who would obey whatever I say.
What should I do for you sir.
You should laugh at the jokes I say and answer the questions I ask.
Yes, My Lord.
Feeling very hungry. If I could get something to eat.


The traveller had just wished for a good meal and guess what, a rich meal was infront of him. He ate everything with greed.
As the traveller laid down to sleep, he thought of the blessings he received during the day. At that instant, a new thought came to his mind.
It's night now some wild animals may attack and tear me apart.


It happened exactly as the traveller feared.
Gr...r...r
Never forget !!! in every greedy thought there is an unseen tiger which will gulp you. Even Jesus was tested by satan after 40 days of fasting, if he would have fallen for the greed we would have never existed today.

# അമ്മയെന്ന സ്നേഹം

ഒരിക്കൽ ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു. മുത്തശ്ശി കുട്ടികൾക്ക് മനോഹരമായ പാട്ടും കഥയുമൊക്കെ പറഞ്ഞു കൊടുക്കുമായിരുന്നു. അങ്ങനെ പതിവുപോലെ മുത്തശ്ശി ഒരു കഥ പറയാൻ തുടങ്ങി.

'അപ്പുയെന്നു പേരുള്ള ഒരു ചെറിയ കുട്ടി ഏകദേശം അപ്പുവിന് അഞ്ച്-ആറ് വയസ്സ് കാണും. ഒരു ദിവസം അപ്പു അമ്മയോട് ചോദിച്ചു. അമ്മയുടെ കൈയ്യും, മുഖവും ഇങ്ങനെ കറുത്ത് ഇരിക്കുന്നത് എന്തുകൊണ്ട് ? അമ്മ ഒന്നും പറഞ്ഞില്ല. അപ്പുവിനെ നോക്കി ഒരു പുഞ്ചിരി മാത്രം. പിന്നെ അവൻ അമ്മയുടെ പിറകെ നടന്നു നിർബന്ധിച്ചപ്പോൾ രണ്ടു കണ്ണുകൾ നിറഞ്ഞുകൊണ്ട് അമ്മ കഥ പറയാൻ തുടങ്ങി. 'മകനേ നീ കുഞ്ഞായിരുന്നപ്പോൾ നിന്നെ തൊട്ടിലിൽ ഉറക്കി കിടത്തിയിട്ട് ഞാൻ നമ്മുടെ പറമ്പിൽ ജോലി ചെയ്യുകയായിരുന്നു. അങ്ങനെ നമ്മുടെ വീടിനു തീ പിടിക്കുന്നത് എന്റെ കണ്ണിൽ പെട്ടു. അതുകണ്ടപ്പോൾ അമ്മയുടെ മനസ്സിൽ തൊട്ടിലിൽ ഉറങ്ങി കിടക്കുന്ന എന്റെ കുഞ്ഞിന്റെ മുഖം മാത്രം ആയിരുന്നു മനസ്സിൽ. അങ്ങനെ ഓടി കിതച്ചുവന്ന് തന്റെ കത്തിക്കൊണ്ടിരിക്കുന്ന വീട്ടിലേക്ക് കയറി. തന്റെ തൊട്ടിലിൽ വിരലുണ്ട് മയങ്ങുന്ന കുഞ്ഞിനെ



വാരിയെടുത്ത് കൊണ്ട് പുറത്തേക്കു പോകുന്നതിന്റെ ഇടയ്ക്ക് തീജ്വാലകൾ പടർന്ന് ആ അമ്മയുടെ മുഖത്തും കൈകളിലും പിടിച്ചു എന്നിട്ടും ആ കുഞ്ഞിനു ഒരു കേടു പാടും സംഭവിക്കാതെ ഇരിക്കാൻ ആ കുഞ്ഞിനെ അമ്മ കൈവിട്ടില്ല. അങ്ങനെയാണ് സുന്ദരിയായ ആ അമ്മയുടെ മുഖത്തും കൈയ്യിലും എല്ലാം പൊള്ളൽ ഏറ്റതും കൈയ്യും മുഖവുമെല്ലാം കറുത്തിരിക്കുന്നതും. അങ്ങനെയാണ് അമ്മയുടെ മുഖം വികൃതമായി ത്തീർന്നതും. ഈ സംഭവം വിവരിച്ചു കഴിഞ്ഞപ്പോൾ അമ്മയുടെയും മകന്റെയും കണ്ണുകൾ നിറഞ്ഞ് ഒഴുകാൻ തുടങ്ങി. ആ കുഞ്ഞ് അമ്മയുടെ കൈകളിലും മുഖത്തും മാറിമാറി ചുംബിച്ചു. അമ്മയുടെ ത്യാഗോജ്ജ്വലമായ സ്നേഹത്തെപ്പറ്റി അറിഞ്ഞപ്പോൾ ആ കുഞ്ഞിന് അമ്മയുടെ മുഖവും കൈകളും കൂടുതൽ മനോഹരവും സുന്ദരവുമായി തോന്നി. ഈ കഥ കേട്ടപ്പോൾ മുത്തശ്ശിയുടെ ചുറ്റും നിന്ന കുട്ടികളുടെ കണ്ണു നിറഞ്ഞു. ഇതുകണ്ട മുത്തശ്ശി കുട്ടികളോട് ഇങ്ങനെ പറഞ്ഞു. "അമ്മയുടെ സ്നേഹത്തിനു പകരം വയ്ക്കാവുന്ന ഒന്നുമില്ല. ഈശ്വരൻ സൃഷ്ടികളോടുള്ള തന്റെ സ്നേഹം അതിന്റെ പൂർണതയിൽ പ്രകടിപ്പിക്കാനും കുറവു കൂടാതെ പകരുവാനും വേണ്ടി അമ്മയെ ഏൽപ്പിച്ചിരിക്കുകയാണ്."

ജയലക്ഷ്മി.എസ്. പുനലൂർ

# GOD GLORIFIED

The world around us is amazing, unusual, organized, creative and God made it all! The study of science is really the study of God. He made the starts. He created gravity. He spoke it all into existence. And whenever you study some aspect of science, you are learning about the creativity of God and that is just one of the small ways he is revealing Himself. God created science. And it is really wonderful!

The little science experiments that you learn and do in school are just small examples of the beautiful magic called science that God has kept for us. God uses these little projects to display his glory. Jesus has done numerous miracles in his time to display God's power and to glorify him. He parted the Red Sea, walls of Jericho came down, the sun stood still, the sun moved "backwards," walked on water, healed sickness, cast out demons, etc.

There is one thing we haven't spoken of much yet. Jesus had power over death too. Jesus was God. Jesus is God. He was with God in the

beginning which means Jesus created life as well. Jesus, God, created life.

Common people like us, you and me, likes to think that we have God all figured out. But the truth is, there is no way we can EVER know enough about God. The more we learn, the more we realize that there is more to learn. In one of the events in The Holy Bible, Jesus raised Lazarus from the dead. What about when He raised HIMSELF from the dead? And why would He even care to do that? He didn't have to hang on the cross. He could have just disappeared whenever He wanted to. But we don't have a God who is magic. Many people followed Jesus because they wanted to see the amazing things He would do. They didn't want to believe in Him necessarily. But even if their motivations for following weren't great, some still ended up believing in Jesus and who He was. And then there were the others who gave up everything for Jesus Christ and followed him till the very end.

Sometimes we have a hard time believing in Jesus, especially when life is really hard for us. But let's not forget what Jesus said, that the death of His friend Lazarus happened so that glory would be given to God. Jesus stayed on that cross because He loves you. And when bad things happen how can we ask hard questions like: How will God glorify Himself in this situation? Always remember that when things go bad for you, it is for His name to be glorified. And when God is glorified, people believe in him.

Philip Jolly. Kochi

# ഗുരുനാഥനേശു



അജ്ഞത നീക്കി വെളിച്ചം നൽകും
അദ്ഭുതമാണെൻ ഗുരുനാഥൻ
ഹൃദയാനന്ദത്തെളിമയിൽ 'നയനം'
ഒളിമയമാക്കിയ ഗുരുനാഥൻ

വിശ്വം മുഴുവൻ നിറയും പൊരുളിനെ-
യകമേ കാട്ടിയ ഗുരുനാഥൻ
അറിവിനുജ്ജ്വല ദീപപ്രഭയുടെ
പൊരുളറിയിച്ചൊരു ഗുരുനാഥൻ

ആരാണെന്നുടെ ഗുരുനാഥൻ
പേരറിയുന്നുണ്ടോ നിങ്ങൾ
പേരിൽ അക്ഷരം രണ്ടാണേ
സ്നേഹത്തിലുമുണ്ടാനാഥൻ

**നമ്മുടെ മസ്തിഷ്ക്കത്തിന്റെ ഏതെങ്കിലും മൂലയിൽ പൊതിഞ്ഞു വയ്ക്കാനുള്ളതല്ല വിജ്ഞാനം. നമ്മുടെ ഉള്ളിലേക്ക് കടക്കുന്നത്, നമ്മുടെ വികാരങ്ങളെ വർണ്ണാഭമാക്കുന്നത്, ആത്മാവിൽ നിറയുന്നത്, ജീവിതം പോലെ നമ്മോട് അടുത്തിരിക്കുന്നത്, അതാണ് വിജ്ഞാനം.**

**വെറുപ്പിനും നശീകരണത്തിനുമായിട്ടല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്, സ്നേഹത്തിനും ജീവിതത്തിനും വേണ്ടിയാണ്.**
**അൽപ്പമാത്രം ചെയ്തുതീർക്കപ്പെട്ടതുകൊണ്ട്, ഇനി ചെയ്തു തീർക്കാനുള്ള വിപുലമായതിനെപ്പറ്റി അന്ധനാകരുത്.**
**പുതിയൊരു സമൂഹത്തെ ഗർഭം ധരിച്ച ഏതൊരു പഴയ സമൂഹത്തിനുമുള്ള പ്രസവശുശ്രൂഷയാണ് ശക്തി.**

ഡോ.എസ്. രാധാകൃഷ്ണൻ

# ഒരു പുസ്തക മാലാഖയുടെ കഥ

അഞ്ചു വയസ്സുള്ള ആലിയായ്ക്ക് ഏറ്റവും ഇഷ്ടം സ്വപ്നം കാണുന്നതായിരുന്നു. ഉമ്മ അവളെ സ്വപ്നക്കുട്ടി എന്നാണ് വിളിച്ചിരുന്നത്. ആലിയ കാണുന്ന സ്വപ്നങ്ങൾക്ക് നിറമുണ്ട്, മണമുണ്ട്, ചൂടും തണുപ്പും നനവും പതുപതുപ്പും തലോടലും എല്ലാം ഉണ്ടാവും.

രാജകുമാരന്റെയും രാജകുമാരിയുടെയും ചിത്രശലഭങ്ങളുടെയുമൊക്കെ കഥകൾ ഉമ്മ അവൾക്ക് പറഞ്ഞുകൊടുക്കുമായിരുന്നു. കഥകേട്ട് അത്ഭുതപ്പെട്ട് കോരിത്തരിച്ച് ആലിയ ഇരിക്കും.



ബാസ്ര എന്ന ഇറാക്കിലെ ഒരു പട്ടണത്തിലായിരുന്നു ആലിയയുടെ വീട്.

വായനയുടെയും പുസ്തകത്തിന്റെയും ലോകത്തേക്ക് ആലിയയെ കയറ്റിവിട്ടത് അവളുടെ ഉപ്പയായിരുന്നു. നല്ല പുസ്തകങ്ങൾ ഉപ്പ തെരഞ്ഞെടുത്ത് ആലിയയ്ക്ക് നൽകി. നല്ല പുസ്തകങ്ങളിലെ നല്ല കഥകൾ വായിച്ച് ആലിയ ആവേശം കൊണ്ടു.

"ഒരു പുസ്തകം വായിക്കുമ്പോൾ ഏറ്റവും അധികം ശ്രദ്ധവേണം. തികഞ്ഞ ഏകാഗ്രതയോടെ വായിക്കണം. ശ്രദ്ധയോടെ വായിച്ചാലേ അതിലെ ആശയങ്ങൾ മനസ്സിലാകൂ." ഉപ്പ അവൾക്ക് പറഞ്ഞു കൊടുത്തു.

ആലിയ പക്ഷെ വായിക്കുമ്പോൾ കളിയെക്കുറിച്ചോർക്കും. കളിച്ചുകൊണ്ടിരിക്കുമ്പോൾ കുളിക്കുന്ന കാര്യം ഓർക്കും. ആഹാരം കഴിക്കുമ്പോൾ കളിക്കുന്ന കാര്യം മനസ്സിൽ കയറും. ഇതായിരുന്നു ആലിയ.

പതിയെ പതിയെ ശ്രദ്ധയോടെ പുസ്തകം വായിക്കാൻ ആലിയയ്ക്ക് കഴിഞ്ഞു. വായിച്ച പുസ്തകങ്ങളെക്കുറിച്ച്

കുറിപ്പ് എഴുതാനും ആലിയ പഠിച്ചു.

ഒരു ദിവസം ഉപ്പ അവളെ അടുത്തുള്ള ഒരു ലൈബ്രറി യിൽ കൊണ്ടുപോയി. സാമാന്യം വലിയ ഒരു ലൈബ്രറി ആയിരുന്നു. ഷെൽഫുകളിൽ പുസ്തകങ്ങൾ അടുക്കിവെച്ചിരുന്നു. അവയെ നോക്കി ആലിയ പറഞ്ഞു.

“നല്ല പുസ്തകങ്ങൾ നല്ല കൂട്ടുകാരെ പോലെയാണ്....”

ആലിയാ ധാരാളം കഥാപുസ് തകങ്ങൾ വായിച്ചു. കഥ രസം തരുക മാത്രമല്ല അത് നമ്മെ പഠിപ്പിക്കുന്നു, ചിന്തിപ്പിക്കുന്നു. മഹത്തായ ചിന്തകൾ നൽകി നമ്മുടെ മനസ്സിനെ ശാക്തീകരി ക്കുന്നു. ചില അറിവുകൾ നമുക്ക് രോമാഞ്ചമുണ്ടാക്കും, പ്രചോ ദനം നൽകും, ആത്മവിശ്വാസം വളർത്തും.

വായിച്ച് വായിച്ച് 10 വയ സ്സായപ്പോഴേക്കും അസാധാര ണമായ പക്വതയും പാകതയും വിവേകവുമുള്ള കുട്ടിയായി ആലിയ മാറി. നല്ല പുസ്തകം ഒരു മനുഷ്യനെ മഹത്വമുള്ള മന സ്സിനുടമയാക്കും.

ആലിയ വളർന്നു മിടുമിടു ക്കിയായി. നല്ല വിദ്യാഭ്യാസം നേടി. നല്ല ഒരു ജോലിയും സമ്പാദിച്ചു. ഏറ്റവും ഇഷ്ടപ്പെട്ട ജോലിയാണ് ആലിയായ്ക്ക് ലഭിച്ചത്. ഒരു ലൈബ്രേറിയൻ. തിരക്കു പിടിച്ച ഒരു നഗരത്തിലെ നല്ല ലൈബ്രറി. അനേകം പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എല്ലാം അടുക്കിവയ്ക്കണം. വായന ക്കാർക്ക് നൽകണം. ഇതൊ ക്കെയായിരുന്നു ആലിയയുടെ ചുമതലകൾ. പുസ്തകവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന വും ആലിയ ഇഷ്ടപ്പെട്ടു. ആലിയ വിവാഹം കഴിച്ചു. ഒരു കുട്ടിയുമു ണ്ടായി. അങ്ങനെ ആലിയായുടെ ജീവിതം ശാന്തമായ ഒരു ജലാ ശയം പോലെയായി. ഒരു കൊടു ങ്കാറ്റോ പ്രളയമോ അവിടെ ഉണ്ടാ യില്ല.

എന്നാൽ പെട്ടെന്നായിരുന്നു കാര്യങ്ങൾ തകിടം മറിഞ്ഞത്. ആലിയായുടെ രാജ്യത്ത് വിദേശാ ക്രമണം ഉണ്ടായി. അതിഭീകരമായ ആക്രമണം. ബോംബുകൾ ആലി യയുടെ പ്രദേശമായ ബസ്റ യിലേക്കും വരുമോ? ആലിയ ഭയപ്പെട്ടു. ബസ്റ ബോംബ് വീണു കത്തുമോ? ബസ്റയിലെ ഓരോ കുട്ടിയും ഓരോ മുതിർന്ന പൗരനും പേടിച്ചു. ആശങ്കയുടെ മുൾമുനയിലായി ബസ്റാക്കാർ.

ബോംബുകൾ വീണാൽ എല്ലാം നശിക്കും. മനുഷ്യർ, മൃഗ ങ്ങൾ, കൃഷിയിടങ്ങൾ എല്ലാംതക

രും. വിദ്യാലയങ്ങൾ തകരും. ഒരു ഗ്രാമം മുഴുവൻ ശവപ്പറമ്പായി മാറും. എണ്ണ ഖനികൾ കത്തും. ആ തീയിൽ തന്റെ പുസ്തകങ്ങളും ഉണ്ടാകുമോ? അതോർത്തപ്പോൾ ആലിയയുടെ നെഞ്ചിൽ പെരുമ്പറ മുഴങ്ങി. നെഞ്ചിലേക്ക് ആരോ കത്തികയറ്റിയതുപോലെ തോന്നി. എന്തെങ്കിലും ചെയ്തേ പറ്റൂ. ബോംബർ വിമാനങ്ങൾ എത്തും മുമ്പെ ലൈബ്രറിയിലെ പുസ്തകങ്ങൾ അവിടെനിന്നും മാറ്റണം. പഴയതും പുതിയതുമായി അമ്പതിനായിരത്തോളം പുസ്തകങ്ങളുണ്ട്. അവ അമൂല്യങ്ങളാണ്. അവ നശിച്ചാൽ ഒരു ജനത തകരും. പക്ഷേ പുസ്തകങ്ങൾ സർക്കാരിന്റേതാണ്. പുസ്തകങ്ങൾ ഇവിടെ നിന്നും മാറ്റാൻ സർക്കാരിന്റെ അനുവാദം വേണം.

ആലിയ ഗവർണരെ പോയി കണ്ടു. തന്റെ ആശങ്കകൾ അറിയിച്ചു. ഗവർണർ ചോദിച്ചു. "ആര് പറഞ്ഞു? ലൈബ്രറി തകർക്കുമെന്ന്? അഥവാ തകർന്ന് പുസ്തകങ്ങൾ നശിച്ചാൽ നിങ്ങൾക്കെന്താ? അതൊക്കെ സർക്കാർ നോക്കി കൊള്ളും. സർക്കാർ പറയാത്ത കാര്യങ്ങൾ നിങ്ങൾ ചെയ്യേണ്ട." ദുഃഖിതയായ ആലിയ തിരികെ ലൈബ്രറിയിലേക്ക് മടങ്ങി.

ആലിയ വൈകിട്ട് വീട്ടിലെത്തിയപ്പോൾ വിവരങ്ങളെല്ലാം ഉപ്പയോടും ഭർത്താവിനോടും പറഞ്ഞു. അവർ ഒരുമിച്ചൊരു തീരുമാനം എടുത്തു. പുസ്തകങ്ങളെ രക്ഷിക്കണം.

പിറ്റേന്ന് ലൈബ്രറിയിൽ നിന്ന് എല്ലാവരും പോയി കഴിഞ്ഞപ്പോൾ എടുക്കാവുന്നത്ര പുസ്തകങ്ങൾ തനിയെ അടുക്കി തന്റെ പഴയ കാറിൽ കയറ്റി വീട്ടിലേക്ക് കൊണ്ടുവന്നു. പല പ്രാവശ്യമായി കുറെയേറെ പുസ്തകങ്ങൾ വീട്ടിലെത്തിച്ചു.

അടുത്ത സ്നേഹിതരായ രണ്ടുപേർകൂടി ആലിയയോടൊപ്പം ചേർന്നു. നേരം വെളുത്തപ്പോഴേക്കും ഭൂരിപക്ഷം പുസ്തകങ്ങളും അവർ മാറ്റി കഴിഞ്ഞിരുന്നു.

രാവിലെ ആലിയ ലൈബ്രറിയിലെത്തി. വാതിൽ തുറക്കുവാൻ സഹായി ശ്രമിക്കുന്നതിനിടയിൽ ആകാശത്ത് ബോംബർ വിമാനങ്ങൾ വട്ടമിട്ടുപറക്കുന്നതവർ കണ്ടു. നിമിഷങ്ങൾക്കകം അതിരൂക്ഷമായ ബോംബാക്രമണം ഉണ്ടായി. ബോംബുകൾ പൊട്ടി. അതിന്റെ അലർച്ചയിൽ ലൈബ്രറി കെട്ടിടം വിറച്ചു. ആലിയ നിലത്തു കിടന്ന് നിശ്ശബ്ദം പ്രാർത്ഥിച്ചു.

"എന്റെ പുസ്തകങ്ങളെ

രക്ഷിക്കാൻ എനിക്ക് കരുത്ത് നൽകണേ....”

“എന്റെ നാടിനെ കാത്തു കൊള്ളണേ! ആരും മരിക്കാൻ ഇടയാകരുതേ.”

പെട്ടെന്ന് ആലിയ അകത്തേക്ക് കയറി. കൂടെ രണ്ടു സുഹൃത്തുക്കളും. അവർ ഓടിയകത്തു കയറി മിച്ചമുണ്ടായിരുന്ന മുഴുവൻ പുസ്തകങ്ങളും ക്ഷണനേരം കൊണ്ട് വാരിവലിച്ചു പുറത്താക്കി.

ഇതിനിടയിൽ വീണ്ടും ലൈബ്രറിയിൽ ബോംബുകൾ വീണു. കെട്ടിടം തകർന്നു വീണു. തീ ആളിക്കത്തി. ആലിയെ ദൂരെ മാറി നിന്ന് ആ കാഴ്ച കണ്ടു. ആലിയയ്ക്ക് കരയണമെന്ന് തോന്നി.

പെട്ടെന്നൊരു ബോംബ് സ്ഫോടനം വീണ്ടുമുണ്ടായി. ആലിയയ്ക്ക് തൊട്ടടുത്ത് അത് പൊട്ടിച്ചിതറി. ആലിയ താഴെ വീണു. പെട്ടെന്ന് ആലിയയ്ക്ക് ഹൃദയാഘാതമുണ്ടായി. സുഹൃത്തുക്കൾ അവരെ ആശുപത്രിയിലെത്തിച്ചു. ഡോക്ടർമാർ അവരെ ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയമാക്കി.

ഏറെ സമയങ്ങൾക്ക് ശേഷം ആലിയയ്ക്ക് ബോധം വന്നപ്പോൾ അടുത്ത് ഭർത്താവും കുട്ടികളും ഉപ്പയും ഉമ്മയും. ആലിയ വീണ്ടും മയക്കത്തിലേക്ക് വീണു. മയക്കത്തിനിടയിൽ ആലിയ ഒരു വലിയ സ്വപ്നം കണ്ടു.

“.......ഒരു പുതിയ പട്ടണം! ആലിയായുടെ പുതിയ പട്ടണം! സംഘർഷങ്ങളില്ലാതെ ഒരു പ്രദേശം. ബോംബുകളില്ലാത്ത പട്ടണം. പച്ചപ്പണിഞ്ഞ് തളിർത്ത പ്രദേശം. എല്ലാവരും ഒരുമയോടെ ജീവിക്കുന്ന പ്രദേശം. എവിടെയും സമൃദ്ധി. കുട്ടികൾ ഓടിക്കളിക്കുന്നു. വിദ്യാലയങ്ങളിൽ രസിച്ചുപഠിക്കുന്ന കുട്ടികൾ. മനോഹരമായ ഒരു ലൈബ്രറി കെട്ടിടം. അതിനു ചുറ്റും പൂച്ചെടികളും ചെറുതും വലുതുമായ മരങ്ങളും പൂമ്പാറ്റകളും കിളികളും പറന്നു നടക്കുന്നു. മരത്തണലുകളിൽ ചെറിയ ചെറിയ കൂടാരങ്ങൾ. കൂടാരങ്ങളിലൊക്കെയിരുന്ന് ശാന്തമായി പുസ്തകങ്ങൾ വായിക്കുന്ന കുട്ടികളും മുതിർന്നവരും. ലൈബ്രറിയിൽ ആയിരക്കണക്കിന് കൊതിപ്പിക്കുന്ന പുസ്തകങ്ങൾ. അവയ്ക്കിടയിലൂടെ ഒരു മാലാഖയെപ്പോലെ നീങ്ങുന്ന ആലിയ.”

കുറേ ദിവസങ്ങൾക്ക് ശേഷം ആലിയ ആശുപത്രി വിട്ടു. നാളുകളേറെ കഴിഞ്ഞ് യുദ്ധം ശമിച്ചു. സ്കൂളുകൾ തുറന്നു. പുതിയ ലൈബ്രറി കെട്ടിടം ഉണ്ടായി. ആലിയാ വീണ്ടും പുസ്തകങ്ങൾക്കിടയിലൂടെ വായിച്ചും പുസ്തകങ്ങൾ നൽകിയും നടന്നു നീങ്ങി. പുസ്തകങ്ങൾക്ക് വേണ്ടി ജീവിക്കുന്ന ഒരു മാലാഖ. ഒരു പുസ്തക മാലാഖ. ആലിയാ മാലാഖ.



# A Single Drop of Water

A young boy was sent by his family to study the way of the Zen in a monastery. It was run by a renowned Zen master, Gisan. Much of the boy's days were spent in prayers and learning the sutras. Other times, he was in the rice fields or doing chores around the temple.

One day, Gisan asked the boy to heat water for his bath. The boy did not realise it, but the water began boiling and it became too hot to be handled. Gisan instructed him to fetch cold water from well behind the monastery to cool the water.

The boy lugged two buckets of water and began pouring it into the bath. One bucketful was not enough. As he poured the second one, Gisan dipped his finger in the bath to check its temperature. When he felt it was just right, Gisan asked the boy to stop.

There was still some water left in bucket. Without a second thought, the boy threw out the remaining water on the ground.

"What have you done, you fool?!" snapped Gisan. "could you not have poured the water on that tree or on the flower bed? You should not have wasted that water."

The boy's eyes brimmed with tears as the venerable teacher continued, "Child, there is no rain at this time of the year and water is not easy to come by. Even a single drop of water is precious."


At that moment, the boy gained a new understanding of Zen. He adopted the name Tekisui, which means 'a single drop of water' and grew up to become a famous Zen teacher himself.


# എടുത്തുചാട്ടം ആപത്ത്

ദേവസി




ഏതവനാ ഈ കർക്കിടക മാസത്തിൽ കാടുകാണാൻ ഇറങ്ങിയിരിക്കുന്നത് ?
ഒരു പാവം കഴുതയാ.
ഹായ് കഴുതയിറച്ചിക്ക് നല്ല രുചിയാണെന്ന് കേട്ടിട്ടുണ്ട്. പോരാത്തതിന് കർക്കിടക മാസവും
ഞാൻപോയി വേഗം സിംഹരാജ നോട് പറയട്ടേ.
എന്തോന്ന് ഈ ഏയ്......വേണ്ടാ വേണ്ടാ നീയൊന്നും പറഞ്ഞാൽ രാജാവ് വിശ്വസിക്കില്ല.
ശ്ശെടാ, ഇത് കഷ്ടം തന്നെ.
കഴുത ഇറച്ചി തിന്നാനുള്ളയോഗം നമുക്കില്ല അണ്ണാ.
നീ സമാധാനപ്പെട്. ആ കഴുത നമ്മുടെ മുമ്പിൽത്തന്നെവന്നു പെടും. ഇരുചെവിയറി യാതെ നമുക്കവനെ അകത്താക്കാം.


അങ്ങിനെയെങ്കിൽ നമുക്കിവിടെത്തന്നെ നിൽക്കാം
കുറച്ചുനേരം കഴിഞ്ഞപ്പോൾ
ഇവിടെ കാത്തുനിന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ആ കഴുതക്ക് രാജാവ് അഭയം കൊടുത്തിരിക്കയാ. നിങ്ങളുടെ പ്ലാനൊന്നും നടക്കാൻ പോണില്ല.
എന്തോന്ന് അഭയം?
മനസ്സിലായില്ലേ അങ്ങേര് ഒറ്റയ്ക്ക് വെട്ടിവിഴുങ്ങുകയാണെന്ന്. വേഗം ചെന്നാൽ എന്തെങ്കിലും കിട്ടിയാലായി.
എന്നാൽ വേഗം വച്ചു പിടിപ്പിക്കാം
മന്ത്രിയും ശിങ്കിടിയും ചെന്നപ്പോൾ
രാജാവേ, ഞാനിനി ഒരിക്കലും ഈ കാടു വിട്ടുപോകില്ല.
ദേ അണ്ണാ, ആ കഴുത ചത്തിട്ടില്ല.
മിടുക്കൻ


ദിവസങ്ങൾക്കുശേഷം
പൊന്നു ചങ്ങാതി, എത്രയും വേഗം ഇവിടന്ന് രക്ഷപ്പെടാൻനോക്ക്. അനുഭവം കൊണ്ട് പറയുവാ.
ഹി...ഹി..ഹി..എനിക്ക് നിങ്ങളെപ്പോലെ പേടിക്കേണ്ട കാര്യമില്ല. രാജാവിന്റെ ഒരു കണ്ണ് എപ്പോഴും എന്റെ മേലുണ്ട്.
ആ കണ്ണുള്ളതു കൊണ്ടാ ഞങ്ങള് പറഞ്ഞത്.
അണ്ണാ. ആ കഴുതയെ ഒതുക്കാനുള്ള ഒരു വിദ്യ എന്റെ മനസ്സിൽ തെളിയുന്നു.
വല്ലതും നടക്കുവോടെ ?
അതിനുള്ള കരുക്കൾ നീക്കാൻ പോകാം. ദാ കണ്ടോ.
എന്റെ സുഹൃത്തേ പേടിക്കേണ്ട കാര്യമില്ല. ഞാൻ പറഞ്ഞ പോലെ രാജാവിന്റെ മുമ്പിൽ അഭിനയിച്ചാൽ മാത്രംമതി
എന്നാലും എനിക്കൊരു പേടി.
അഭിനയം നന്നായാൽ ഞങ്ങളുടെവക ഒരു കിടിലൻ സമ്മാനം. ഓകെ. അപ്പോൾ പറഞ്ഞപോലെ.
ഇതെന്തോ ഉടായിപ്പ് പരിപാടിയാ.
?


പിറ്റേന്ന്
രാജാവേ... വിശന്നു പൊരിഞ്ഞിരിക്കുന്ന അങ്ങ് ഒരു നേരത്തെ ആഹാരത്തിന് എന്നെ കൊന്ന് ഭക്ഷിച്ചുകൊള്ളു
വേണ്ട കുഞ്ഞേ നിനക്കെങ്കിലും അങ്ങനെ ചിന്തിക്കാനുള്ള മനസ്സുണ്ടായല്ലോ. സന്തോഷം
ആമയെ കടിച്ച് പല്ലുകളയാൻ എനിക്കെന്താ വട്ടോ.
കണ്ടില്ലേ, ആമ പറഞ്ഞപോലെ നീയും പറയ്. രാജാവിന് സന്തോഷമാകും
ഉവ്വോ എങ്കിൽ ഞാനും പറയാം
കഴുത, രാജാവിന്റെ മുമ്പിൽ
രാജാവേ, അങ്ങയുടെ വിശപ്പുമാറുമെങ്കിൽ എന്നെ ഭക്ഷിച്ചുകൊള്ളു. എനിക്ക് സന്തോഷമേയുള്ളു.
ഹും, ഭക്ഷിക്കു.
ഹയ്യടാ
പിന്നെ താമസമുണ്ടായില്ല, മൂന്നുപേരും കഴുതയുടെ നേരേ ചാടിവീണു. എടുത്തുചാട്ടംകൊണ്ട് കഴുതയ്ക്ക് തന്റെ ജീവൻ തന്നെ നഷ്ട്ടമായി.
അയ്യേ ....എന്നെ കൊല്ലല്ലേ... ഞാൻ വെറുതെ പറഞ്ഞതാണേ...




1. Which is the coldest location in the earth?
2. Which is the hotest place in the earth?
3. Which is the nearest star to planet earth?
4. Name the school that HarryPotter attended?
5. Saint patrick is the patron saint of which country?
6. Name the most famous nurse of Victorian Times who improved care for wounded soldiers?
7. Which italian city is famous for its leaning tower?
8. The book 'Bermuda Triangle Mystery'was written by whom?
9. Largest museum of india is located at?
10. Who is the creator of the character Spiderman ?

*-Neenu Titus*

***Rewards will be given to those who send answers correctly and the last date for entry will be 30th of September***



# എ.ആർ. റഹ്മാൻ

എ.ആർ. റഹ്മാൻ ആദ്യത്തെ പാട്ട് സംവിധാനം ചെയ്തത് ഒമ്പതാം വയസ്സിലാണ്. ആ ഈണത്തിൽ നിന്നാണത്രേ 'വെള്ളിത്തേൻകിണ്ണം പോത്' എന്ന ഗാനം റഹ്മാന്റെ പിതാവും പ്രശസ്ത സംഗീത സംവിധായകനുമായ ആർ.കെ. ശേഖർ ചിട്ടപ്പെടുത്തിയത്.



# Word Power

1. Ataraxy - peace of mind. For Charulata, daily meditation was an important source of *ataraxy*.

2. Noctilucous - shining in the night. The child's fear of the dark subsided once he noticed the *noctilucous* full moon.

3. Clement - merciful. The Rajput king was demanding as a military leader, yet *clement* to those he took as prisoners.

4. Alacrity - cheerful readiness. Despite the early hour, Aftab jumped out of bed with *alacrity*.

5. Gradely - fine. Poonam's uncle was ;eased to see she'd found a *gradely*

young boyfriend.

6. Halcyon - happy and successful. Esha and Shiva spent the night relating memories of their *halcyon* years as bestselling authors.


7. Eucatastrophe - sudden happy ending to a story. The novel's eucatastrophe saw the protagonist *miraculously* saved from death.

8. couthy - friendly, Caroline greeted the strangers in her usual *couthy* way, with a broad smile.

9. panacea - remedy for all ills. The citizens had unrealistically viewed the new employment programme as a *panacea*.

10. pulchritudinous - beauti ful. To her husband, Harneet still looked as *pulchritudinous* at 60 as she did the day they were married.

# My brother



*I have a brother*
*who is cute and fair;*
*He just five*
*But very live;*
*He is very dear to me*
*And has no fear of me;*
*When I am sad*
*He too is sad;*
*When I am happy*
*He too is happy;*
*Oh, what a great gift my*
*Brother is!*

**Simy Sihicha**



# വായിച്ചു വളരാം

പുസ്തക വായന യുടെ അനുഭവം പല പ്പോഴും സ്വകാര്യ അനു ഭൂതിയായിരിക്കും. ഒരാൾക്ക് ഇഷ്ടപ്പെട്ടു എന്നതുകൊണ്ട് ഒരു പുസ്തകം മികച്ചതാ വണമെന്നില്ല. എങ്കിലും ഇഷ്ടപ്പെട്ട പുസ്തകങ്ങൾ, പുസ്തകങ്ങളിൽ ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ എന്നിവ പരസ്പരം കൈമാറുന്നതിലൂടെ വായനയുടെ സുഖം മറ്റുള്ളവർക്കുകൂടി പങ്കുവയ ക്കുക. പുസ്തകങ്ങളിലെന്തുണ്ട് എന്ന ചോദ്യത്തിന് പുസ്തകങ്ങളിൽ എല്ലാമുണ്ട് എന്ന കവിവാക്യവും, പട്ടിണിയായ മനുഷ്യനോട് പുസ്തകം കൈയിലെടുക്കാ നുള്ള ആഹ്വാനവും ആലങ്കാരികാർത്ഥത്തിലും അല്ലെന്നും പറയാം.

കൂട്ടുകാരേ, വായന യെക്കുറിച്ച് പറയാനും കേൾക്കാനും എളുപ്പമാണ്. എന്നാൽ വായന ഒരു

ശീലമാക്കാൻ നമുക്കു സാധിക്കുമോ ? നല്ല വായനാനുഭവങ്ങൾ കൂട്ടുകാർക്കു മുന്നിൽ രക്ഷിതാക്കൾക്കുമുന്നിൽ പങ്കുവയ്ക്കാൻ നമുക്കു സാധിക്കുമോ ?

തെരുവു വിളക്കിന്റെ ചുവട്ടിലിരുന്നു വായിച്ച എബ്ര ഹാം ലിങ്കനെക്കുറിച്ച് നമുക്കറിയാം. ചങ്ങമ്പുഴയുടെ രമണൻ വായിക്കാൻ അനു ഭവിച്ച പ്രയാസങ്ങളെക്കുറിച്ച് വാക്കിന്റെ പെരുന്തച്ചനായ എം.ടി. എഴുതിയിട്ടുണ്ട്. കിലോമീറ്ററുകൾ നടന്ന് അകലെ ഒരു വീട്ടിൽ പുസ് തകം വാങ്ങിയതും മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ഒറ്റരാത്രികൊണ്ട് വീട്ടുകാർ രമണൻ പകർത്തി യെഴുതിയതും പിറ്റേന്ന് പുസ് തകം തിരിച്ചേല്പ്പിച്ചതുമായ അനുഭവം. ഇന്ന് അവസരങ്ങൾ നമുക്കു ചുറ്റുമുണ്ട്. നമ്മുടെ സ്കൂൾ ലൈബ്രറിയിൽ, പൊതു വായനശാലകപളിൽ, വീടുകളിൽ, എത്രയെത്ര പുസ് തകങ്ങൾ ! പുസ്തകങ്ങൾ തേടി കിലോമീറ്ററുകൾ താണ്ടിയ പഴയകാലമല്ല. പുസ്തകങ്ങൾ നമ്മെ തേടിയെത്തുന്ന പുതുകാലം. വളരെയേറെ വായിക്കുക അതിലേറെ ചിന്തിക്കുക വളരെക്കുറച്ചുമാത്രം എഴുതുക എന്നു പറയാറുണ്ട്. വായന മറന്ന് എഴുത്തുകാരനാ വാൻ ശ്രമിക്കരുത്. എന്തുവായിക്കണം എങ്ങനെ വായിക്കണം എന്നെല്ലാം പ്രധാനമാണ്. വായനയുടെ തുടക്കത്തിൽ കൈയിൽ കിട്ടുന്നതെല്ലാം വായിക്കാം. കുറ്റാന്വേഷണ നോവൽ, മാന്ത്രികനോ വൽ, കവിത കാർട്ടൂൺ, കഥ, തുടങ്ങി എന്തും. പിന്നെ നമുക്കു ഇഷ്ടമുള്ള മേഖലയിലേക്കു തിരിയാം. വായന ഒരു ശീലമാവുമ്പോൾ അതു നമ്മുടെ ചിന്തയെ, അതുവഴി ആഗ്രഹങ്ങളെ തീരുമാനങ്ങളെ പ്രവർത്തന പദ്ധതികളെ സ്വാധീനിക്കും ജീവിതത്തിൽ ഉന്നതമായ ലക്ഷ്യങ്ങളിലെത്താനുള്ള പാഥേയമായി വായനയെ കൂടെകൂട്ടാം.

ഉണ്ണി അമ്മയമ്പലം

# അറിവ് പോരാ നെറിവ് വേണം



ബാലസാഹിത്യരംഗത്ത് കഴിഞ്ഞ അഞ്ചു പതിറ്റാണ്ടിലേറെയായി മിന്നിത്തിളങ്ങി നിൽക്കുന്ന ഒരപൂർവ പ്രതിഭയാണ് സിപ്പി പള്ളിപ്പുറം 1943 മെയ് 18-ന് എറണാകുളം ജില്ലയിലെ വൈപ്പിൻകരയിലെ പള്ളിപ്പുറത്ത് ഒരു സാധാരണ കുടുംബത്തിൽ ജനിച്ച സിപ്പിസാർ പ്രൈമറി ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്തുതന്നെ സാഹിത്യത്തോട് താൽപ്പര്യം കാട്ടിത്തുടങ്ങി. തിരുവനന്തപുരം ക്രൈസ്റ്റ് നഗർ സി.ബി.എസ്.ഇ സ്കൂൾ വിദ്യാർത്ഥികളായ നന്ദിനി സി.ജെ, അചല എ.എസ്, ഗായത്രി ജെ, മീനാക്ഷി ആർ.എസ്, ജോർജ്ജ് പോൾ, അജാക്സ് പി.എസ്, മാധുരി ജെ.കെ എന്നീ കുട്ടികൾ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവുകൂടിയായ സിപ്പി സാറുമായി സംസാരിച്ചത്.

**ചോദ്യം: സാറിന്റെ കുട്ടിക്കാലത്തെപ്പറ്റി പറഞ്ഞുതരാമോ.....?**

എന്റെ ബാല്യത്തിൽ എനിക്കൊരു മുത്തശ്ശിയുണ്ടായിരുന്നു. വൈപ്പിൻകരയിലെ പെരുമ്പള്ളി ഗ്രാമത്തിൽ താമസിച്ചിരുന്ന അമ്മയുടെ അമ്മയായിരുന്നു അവർ. ഈ അമ്മൂമ്മ ഇടയ്ക്കിടയ്ക്ക് ഞങ്ങടെ വീട്ടിൽ വരും. അമ്മൂമ്മ വരുമ്പോൾ വീടിന്റെ അന്തരീക്ഷം തന്നെ മാറും. വീട്ടിൽ പിന്നെ ഉത്സവമാണ്. പാട്ടും കഥകളുമൊക്കെ അമ്മൂമ്മ ഈണത്തിൽ


സി.ജെ. നന്ദിനി


മാധുരി ജെ.കെ.


അചലാ എ.എസ്.


മീനാക്ഷി ആർ.എസ്.


അജാക്സ് പി.എസ്.


ജോർജ്ജ് പോൾ

ചൊല്ലും. ഈ അമ്മൂമ്മ സ്കൂളിൽ പഠിച്ചിട്ടില്ല, ക്ലാസ്സിലും പോയിട്ടില്ല. ഈണത്തിലും താളത്തിലുമുള്ള പാട്ടുകളായിരുന്നു അമ്മൂമ്മ പാടിയിരുന്നത്. ദാ ഇങ്ങനെ:

ഞാനൊരു പാവമാണേ/പാലായിക്കാരനാണേ
പാൽ വിൽക്കാൻ വന്നതാണേ/പ്രംപ്രംപ്രം

മറ്റൊരു പാട്ട് ഇതാണ്:

അപ്പുക്കുട്ടാ തൊപ്പിക്കാരാ എപ്പൊക്കല്യാണം
പള്ളിക്കരയിൽനെല്ലുവിളഞ്ഞാലപ്പൊ കല്യാണം

കവിതയെഴുതാനുള്ള ഈ ഈണം ഈ മുത്തശ്ശിപ്പാട്ടിൽ നിന്നാണ് ലഭിച്ചതെന്നു പറയാം. പിന്നീട്, ഞാൻ ആറാം ക്ലാസിൽ പഠിക്കുമ്പോൾ ആദ്യത്തെ കവിത എഴുതി. താളവും ഈണവുമുണ്ടായിരുന്നു. അണ്ണാറക്കണ്ണെക്കുറിച്ചായിരുന്നു ആ കവിത.

'മാവിൻ കൊമ്പിൽ ചാടിനടക്കും അണ്ണാറക്കണ്ണാ......
മുതുകത്തിങ്ങനെ ആരുവരച്ചു....'

എന്നു തുടങ്ങുന്നതായിരുന്നു കവിത. ഈ കവിത വിജയനെന്ന കുട്ടിയെ കാണിച്ചു. ഏതാണ്ട് വലിയ തെറ്റു ചെയ്തതുപോലെ വിജയൻ ഇത് സാറിനെ കാണിച്ചു. ഞാനാകെ പേടിച്ചു. സാറ് വല്ല വഴക്കും പറയുമോ....പക്ഷേ, എന്റെ അധ്യാപകൻ കവിത നന്നായല്ലോ എന്നുപറഞ്ഞു.

**ചോദ്യം: സാർ മുത്തശ്ശിപ്പാട്ടിൽ നിന്ന് കിട്ടിയ താളത്തെക്കുറിച്ചു പറഞ്ഞല്ലോ. ഒന്ന് വിശദമാക്കാമോ?**

പറയാം. മഹാകവി ഉള്ളൂരിന്റെ 'പ്രേമസംഗീതം' എന്ന കവിതയിലെ രണ്ടു വരികൾ ഞാൻ ചൊല്ലാം;'ഒരൊറ്റമതമുണ്ടുലകിന്നുയിരാംപ്രേമമതൊന്നല്ലോ. പരക്കെ നമ്മെ പാലമൃതൂട്ടും പാർവണ ശശിബിംബം.'

ഇതേ താളത്തിലുള്ള ഒരു മുത്തശ്ശിപ്പാട്ടാണ് ഞാൻ നേരത്തേ പറഞ്ഞത്.

അപ്പുക്കുട്ടാ തൊപ്പിക്കാരാ എപ്പൊക്കല്യാണം
പള്ളിക്കരയിൽ നെല്ലുവിളഞ്ഞാലപ്പൊ കല്യാണം

ഏകദേശം 900 വർഷം മുമ്പുള്ള മുത്തശ്ശിപ്പാട്ടിൽ നിന്നുണ്ടായതാണ് ഈ ഈണം. മറ്റൊരു പാട്ട് കൂടി പാടാം. കേട്ടോളൂ.

'ചങ്കരച്ചേട്ടനു മക്കളില്ലാഞ്ഞിട്ട്
ചക്കക്കുരുവിനെ ദത്തെടുത്തു
ചങ്കരച്ചേട്ടനു മക്കളുണ്ടായപ്പോൾ
ചക്കക്കുരുവിനെ ചുട്ടുതിന്നു'

ഈ പാട്ടിലെ ഈണമുണ്ടായശേഷം ഏതാണ്ട് 300 വർഷം കഴിഞ്ഞാണ് ചെറുശ്ശേരി ഇതേ ഈണത്തിൽ 'കൃഷ്ണഗാഥ' എഴുതിയത്. അപ്പോൾ കൃഷ്ണഗാഥയുടെ ഈണം നമ്മുടെ മുത്തശ്ശിപ്പാട്ടുകളിൽ ഉണ്ടായിരുന്നു എന്നു മനസ്സിലാക്കുക.



**ചോദ്യം: കുട്ടിക്കാലത്തെ മറക്കാനാകാത്ത ഒരു സ്കൂളനുഭവം സാറിന് പറയാനുണ്ടാകുമല്ലോ.**

കണ്ണു നനയിക്കുന്ന ഒരനുഭവം പറയട്ടെ. വളരെ സാധാരണക്കാരായ മാതാപിതാക്കൾക്കു ജനിച്ച ഒരു മകനായതിനാൽ പഠിക്കുന്ന കാലത്ത് പുസ്തകങ്ങൾ വാങ്ങാനോ ഫീസു കൊടുക്കാനോ എനിക്ക് നിവൃത്തിയുണ്ടായിരുന്നില്ല. പ്രതിമാസം 'ആറ്' രൂപയായിരുന്നു ഫീസ്.

കയർത്തൊഴിലാളിയായ പിതാവിന്റെ വരുമാനംകൊണ്ടു വേണമായിരുന്നു കുടുംബം കഴിയാൻ. അന്നു ഞാൻ ചെറായി വിജ്ഞാനവർധിനി വക ഹൈസ്കൂളിൽ 11-ാം തരത്തിൽ പഠിക്കുകയാണ്. ഫീസ് കൊടുക്കേണ്ട അവസാന തീയതിയും കഴിഞ്ഞു. ഞാൻ സ്കൂളിൽ പോകാതെ വീട്ടിൽതന്നെ ഇരുന്നു. എന്റെ വിദ്യാഭ്യാസം മുടങ്ങുമെന്ന് ഏകദേശം ഉറപ്പായി. തൽക്കാലം വേറെ വഴിയൊന്നുമില്ല. അങ്ങനെയിരിക്കുമ്പോഴാണ് എന്റെ ക്ലാസ് അധ്യാപകനായ വി.എം. ധർമരത്നം മാസ്റ്റർ എന്നെ വിദ്യാലയത്തിലേക്കു വിളിപ്പിച്ചത്.

കലയിലും സാഹിത്യത്തിലും അൽപ്പസ്വൽപ്പം താൽപ്പര്യമുള്ള എന്നോട് മാസ്റ്റർക്ക് കൂടുതൽ മമതയുമുണ്ടായിരുന്നു. എങ്കിലും, ഞാൻ പേടിച്ചുവിറച്ചാണ് അദ്ദേഹത്തിന്റെ മുന്നിൽ ചെന്നു നിന്നത്. അദ്ദേഹം തോളിൽ തട്ടി എന്നോടു ചോദിച്ചു: ‘എടോ സിപ്പീ, നാലഞ്ചു ദിവസമായിട്ട് താനെന്താ ക്ലാസിൽ വരാതിരുന്നത്?’

‘ഫീസ് ഇല്ലാതിരുന്നതുകൊണ്ടാണ്. അപ്പന് ഈയിടെയായി ജോലി കുറവാണ്.’ മറ്റു കുട്ടികളുടെ മുന്നിൽവെച്ച് വളരെ അപകർഷതയോടെ ഞാൻ പറഞ്ഞു. പക്ഷേ, സാറിന്റെ മുഖത്ത് ഭാവഭേദമൊന്നുമില്ല. ചുറ്റും കുട്ടികൾ കാതു കൂർപ്പിച്ചു. നിൽക്കെ, അദ്ദേഹം പറഞ്ഞുതുടങ്ങി. ‘താൻ കൃത്യസമയത്തുതന്നെ ഫീസടച്ചല്ലോ..... സംശയമുണ്ടെങ്കിൽ ഈ രജിസ്റ്റർ നോക്ക്......’ അദ്ദേഹം ബുക്ക് എടുത്ത് എന്നെ കാണിച്ചു. ആശ്ചര്യംകൊണ്ട് എനിക്ക് വാക്കുകൾ കിട്ടിയില്ല.

‘സാർ. ഞാൻ സാറിന്റെ കൈയിൽ തന്നിട്ടില്ലല്ലോ......?’

‘തന്നു, കുട്ടിക്ക് അതേപറ്റി ഓർക്കാൻ കഴിയാത്തതാണ്. പോയി സീറ്റിലിരുന്നോളൂ....’ അദ്ദേഹം വീണ്ടുമെന്റെ തോളിൽ തട്ടി ആശ്വസിപ്പിച്ചു. ഉടൻ തന്നെ അദ്ദേഹം പാഠം പഠിപ്പിക്കാൻ തുടങ്ങി. മറ്റു കുട്ടികൾക്കൊന്നും ഇതിന്റെ പൊരുൾ മനസ്സിലായില്ല. അദ്ദേഹം സ്വന്തം പണമെടുത്ത് എന്റെ ഫീസടച്ചു. എന്റെ സാമ്പത്തിക ക്ലേശം മൂലം ഞാൻ യഥാർത്ഥത്തിൽ ഫീസടച്ചിട്ടില്ല

എന്ന സത്യം ക്ലാസ്സിലെ മറ്റു കുട്ടികൾ അറിയരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.
ഒരുപാടുകാലം കഴിഞ്ഞ് ഞാനും അധ്യാപകനായി. അധ്യാപകനുള്ള ദേശീയ അവാർഡ് നേടിയപ്പോൾ എന്നെ അനുഗ്രഹിക്കാൻ വീട്ടിലേക്കാദ്യം ഓടിയെത്തിയത് എന്റെ ഈ ഗുരുനാഥനായിരുന്നു. വിദ്യാഭ്യാസരംഗത്തും കലാരംഗത്തും എനിക്ക് വളരെ പ്രോത്സാഹനം നൽകിയതും അദ്ദേഹമാണ്.

ചോദ്യം: ഈ ഗുരുനാഥനു ശേഷം സാറിനെ പ്രോത്സാഹിപ്പിച്ചവർ ആരൊക്കെയാണ്?
മുത്തശ്ശിയെ ഗുരുവായി ഞാൻ കാണുന്നു. കൂടാതെ ടി.കെ.സി, വടുതല, സി.പി. ശ്രീധരൻ, ടാറ്റാപുരം സുകുമാരൻ എന്നിവർ. സിപ്പി, മുതിർന്നവർക്കുവേണ്ടി എഴുതുന്നതല്ല തന്റെ വഴി എന്ന് അവർ പറഞ്ഞുതന്നു.

ചോദ്യം: കേന്ദ്രസാഹിത്യ അക്കാദമിയുടെ ആദ്യത്തെ ബാലസാഹിത്യ പുരസ്കാരം സാറിന് ലഭിച്ചു. അതേക്കുറിച്ച്?
അതൊരു വലിയ അനുഭവം തന്നെയായിരുന്നു. ബാലസാഹിത്യത്തെ അർഹിക്കുന്ന ഗൗരവത്തിൽ പ്രാധാന്യം നൽകുന്നു എന്നു മനസ്സിലാക്കാൻ ഈ പുരസ്കാരം സഹായിച്ചു. മാത്രമല്ല, നമ്മുടെ മലയാള ഭാഷയിൽ നിന്ന് ഒരു പുസ്തകത്തിന് അവാർഡു കിട്ടുക എന്നുപറഞ്ഞാൽ മലയാളത്തിന് അവാർഡ് ലഭിക്കുന്നതുപോലെയാണ്. നമുക്കെല്ലാം അതിൽ അഭിമാനത്തിന് അർഹതയുണ്ട്.

ചോദ്യം: 'ഒരിടത്തൊരിടത്തൊരു കുഞ്ഞുണ്ണി' എന്ന പുസ്തകത്തിനായിരുന്നല്ലോ അവാർഡ്. അത് എഴുതാനുണ്ടായ സാഹചര്യം സാറൊന്നു പറയാമോ?
വാസ്തവത്തിൽ ഇങ്ങനെയൊരു പുസ്തകം എഴുതണമെന്ന് ആഗ്രഹിച്ചിരുന്നില്ല. എന്നാൽ, വർക്കലയിലുള്ള

പൂർണാ പബ്ലിക്കേഷൻസിനുവേണ്ടി കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ വാങ്ങി അവർക്ക് പുസ്തകമാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഞാൻ ചെയ്തു കൊടുത്തു. അവർ പുസ്തകം പ്രസിദ്ധീകരിച്ചു. അതിന്റെ പത്ത് കോപ്പിയും ചെക്കും എനിക്ക് അയച്ചുതന്നു. വെള്ളിയാഴ്ച ഇതെനിക്കു ലഭിക്കുന്നു; ഞായറാഴ്ച അദ്ദേഹം മരിക്കുന്നു. എനിക്കതു വലിയ വിഷമമുണ്ടാക്കി. കുഞ്ഞുണ്ണിമാഷിന്റെ വളരെ മനോഹരമായ അവസാനത്തെ ആ പുസ്തകം കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആരു കണ്ടാലും കൊതിച്ചുപോകുന്ന ആ പുസ്തകം അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ചു. അതുകഴിഞ്ഞ് രണ്ടര മാസമെടുത്താണ് 'ഒരിടത്തൊരിടത്തൊരു കുഞ്ഞുണ്ണി' എന്ന പുസ്തകം തയ്യാറാക്കിയത്.

**ചോദ്യം: ഇപ്പോഴത്തെ തലമുറയെക്കുറിച്ച് സാറിന് പറയാനുള്ള വാക്കുകൾ എന്താണ്?**

ഞങ്ങളുടെയൊക്കെ കാലത്ത് 'നല്ല നെറിവുള്ള' ഒരു തലമുറ ഇവിടെയുണ്ടായിരുന്നു എന്ന് കാരണവന്മാർ പറയാറുണ്ട്. അക്കാലത്തെ വീട്ടിലെ അപ്പനും അമ്മയുമൊക്കെ അറിവിനൊപ്പം നെറിവും മക്കൾക്കു വേണമെന്നു നിർബന്ധം പിടിച്ചിരുന്നു. ഇപ്പോൾ, അറിവുണ്ട്. കമ്പ്യൂട്ടറിനെക്കുറിച്ചറിയാം, ഇന്റർനെറ്റിനെക്കുറിച്ചറിയാം, മഹാന്മാരായ വ്യക്തികളെക്കുറിച്ചറിയാം, ശാസ്ത്രവും സാങ്കേതികവിദ്യയുമൊക്കെ അറിയാം........ പക്ഷേ, അപ്പൂപ്പൻ ആരെന്നു ചോദിച്ചാൽ ഒരു ക്ലൂ തരാമോ എന്നാണ് ചോദിക്കുന്നത്; ചിലർക്കെങ്കിലും ഇപ്പോൾ നെറിവ് അഥവാ മര്യാദശീലം കുറഞ്ഞുവരുന്നതായി തോന്നുന്നു. അധ്യാപകരെയും മാതാപിതാക്കളെയും ബഹുമാനിക്കണം. നന്മയിൽ, സത്യത്തിൽ ഉറച്ചുനിന്നു ജീവിക്കണം തുടങ്ങിയ നെറിവുകളാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അറിവുണ്ടായാൽ മാത്രം പോരാ നെറിവും വേണം നമ്മൾക്ക്. അറിവുകൊണ്ട് ഡോക്ടറാകാം, എൻജിനീയറാകാം. എന്നാൽ, അമ്മയ്ക്കു കഞ്ഞി കൊടുക്കുന്ന

എൻജിനീയർ ആകണം. പക്ഷേ, അങ്ങനെയൊരു നെറിവ് ഇല്ലാത്തതിന്റെ ലക്ഷണമാണ് വൃദ്ധമന്ദിരങ്ങൾ പെരുകുന്നതിന്റെ കാരണം.

**ചോദ്യം: ഒരു നല്ല ബാലസാഹിത്യകാരനെന്ന നിലയിൽ ഇപ്പോഴത്തെ സിനിമകളെക്കുറിച്ച് സാറിന് എന്താണ് അഭിപ്രായം?**

കുട്ടികൾക്ക് കാണാൻ സാധിക്കുന്ന നല്ല സിനിമകളൊന്നും മലയാളത്തിൽ ഇപ്പോഴില്ല. വിദേശത്തെല്ലാം കുട്ടികൾക്കു കാണുന്നതിനു വേണ്ടി സിനിമകൾ ഉണ്ടാകുന്നു; പക്ഷേ, നമുക്ക് എന്തുകൊണ്ടോ അത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ സാധിക്കുന്നില്ല എന്നു തോന്നുന്നു. എന്തൊക്കെയായാലും ഇപ്പോഴത്തെ സിനിമകൾ കുട്ടികളെ വളർത്താനോ ഉയർത്താനോ സൽസ്വഭാവികളാക്കാനോ ഉപകരിക്കുന്നില്ല എന്നു കരുതേണ്ടതുണ്ട്.


**ചോദ്യം: വളർന്നുവരുന്ന ഞങ്ങൾക്കുവേണ്ടിയുള്ള സാറിന്റെ ഉപദേശം?**


സ്നേഹിക്കുക; മനുഷ്യരെ, പ്രകൃതിയെ, പ്രപഞ്ചത്തെ, അവനവനെയും. ധാരാളം വായിക്കുക, എഴുതുക. നല്ല മനുഷ്യരായി ജീവിക്കാൻ ആഗ്രഹിക്കുക.


## How much do you remember?

At the end of each day, the average person can remember:
11% of what they heard that day.
30% of what they saw.
50% of what they heard and saw.
90% of what they did.




Destuff the Burden
Script: Jino Joseph Vilakkupara
Art: Devassy
There once lived a farmer who worked daily to support the livelihood of his family.
With the wage he got that day, he bought a bundle of hay for cow and also firewoods
Hey Stop ! One more person to get in


All of you occupy your seat wherever possible
Why don't you keep the load down on the boat ?
Can't you keep the bundle of firewood on the boat
If I keep the load down on the boat it increases the weight of the boat and it becomes heavier so let it to be on my head.


Fool
What a Fool
Ha....Ha...Ha...
People like him who are hardworking and carry the burden are not ready to destuff it anywhere. To reach home we have to swim across this woodly life-entrusted river. God is the boat that helps us to cross to the other side of the river that carries us and the burden too. We must destuff our burden in the hands of God Almighity so that we will never go down in life and enjoy happiness in life.



# കുരങ്ങും പണച്ചാക്കും

ധനം മനുഷ്യനുവേണ്ടിയാണ്, അല്ലാതെ മനുഷ്യൻ ധനത്തിനുവേണ്ടിയല്ല

ധനികനെങ്കിലും ലുബ്ധരിൽ അഗ്രഗണ്യനായിരുന്ന ഒരു മനുഷ്യൻ ഒരു കുരങ്ങിനെ വളരെ വാത്സല്യത്തോടെ വളർത്തിയിരുന്നു. ഒരു ദിവസം ഇയാൾ എവിടെയോ പോയിരുന്ന അവസരത്തിൽ കുരങ്ങ് അയാളുടെ സ്വകാര്യമുറിയിൽ കയറി, അവിടെ ഒരു ചാക്കു നിറയെ നാണയങ്ങൾ കെട്ടിവെച്ചിട്ടുണ്ടായിരുന്നു. പണച്ചാക്കു കണ്ടയുടനെ ആ കുസൃതിക്കുരങ്ങ് അതഴിച്ച് നാണയങ്ങൾ വാരി ജനലിൽക്കൂടി താഴത്തേക്കെറിയുവാൻ തുടങ്ങി. ശബ്ദം കേട്ട് ഒട്ടേറെ ജനങ്ങളും എത്തിക്കൂടി. ചാക്ക് മിക്കവാറും ഒഴിഞ്ഞപ്പോൾ നമ്മുടെ ലുബ്ധനും മടങ്ങിയെത്തി. അയാളുടെ അപ്പോഴത്തെ വികാരങ്ങൾ എന്തെല്ലാമായിരുന്നു എന്ന് ഊഹിക്കുകയാണുത്തമം. മിന്നൽപ്പിണർവേഗത്തിൽ അയാൾ മുറിയിലേക്കു പാഞ്ഞു. പക്ഷേ, അപ്പോഴേക്കും ചാക്ക് ഒഴിഞ്ഞുകഴിഞ്ഞിരുന്നു. നൈരാശ്യവും കോപവും സഹിക്കവയ്യാതെ അയാൾ അങ്ങോട്ടുമിങ്ങോട്ടും

ഉഴറി നടക്കുന്നതിനിടയിൽ ഈ കാഴ്ച കണ്ടുകൊണ്ട് നിന്നിരുന്ന ആൾ ഇങ്ങനെ പറഞ്ഞു: “സ്നേഹിതാ കോപിക്കേണ്ട, ആ കുരങ്ങു ചെയ്തതുപോലെ പണം കണ്ടമാനം നശിപ്പിക്കുന്നതു നന്നല്ല. പക്ഷേ, അതു ശരിയായി വിനിയോഗിക്കാതെ കെട്ടിസൂക്ഷിക്കുന്നതും അങ്ങനെതന്നെ.” ഇതു കേട്ടപ്പോൾ യാതൊരു മറുപടിയും നൽകാതെ ലുബ്ധൻ അധോമുഖനായി സ്തംഭിച്ചു നിന്നുപോയി. “ഉലുന്തന്റെ മുതൽ ഉറുമ്പുണ്ടുപോകും” എന്നുള്ള പഴമൊഴി എത്രയോ വാസ്തവം.

ഇതിൽനിന്നും ഒരുകാര്യം നമ്മൾ പഠിക്കേണ്ടതുണ്ട്. രോഗി ഔഷധങ്ങളെ എപ്രകാരം ഉപയോഗപ്പെടുത്തുന്നുവോ അതുപോലെ മാത്രമേ നാം പണത്തെയും ഉപയോഗിക്കാവൂ. രോഗി ആരോഗ്യം ഉദ്ദേശിച്ചുമാത്രം ഔഷധത്തെ കാംക്ഷിക്കുന്നു. ആവശ്യം ഉദ്ദേശിച്ചും അതിനുവേണ്ടി മാത്രവുമേ നാം പണത്തെയും സ്നേഹിക്കാവൂ. മറ്റുവിധം ചെയ്യുന്നവർ അതിനെ ശരിയായി വിനിയോഗിക്കുന്നതല്ലെന്നു ധരിക്കണം.

# നല്ല കുട്ടി

നല്ല വാക്ക് ചൊല്ലിടും
നല്ല കുട്ടി ഞാൻ
നല്ല കാഴ്ച കണ്ടിടും
നല്ല കുട്ടി ഞാൻ
നല്ല പാതയിൽ നടന്ന്
നന്മ ചെയ്തുയരുവാൻ
നല്ല പാഠമേറ്റു ചൊല്ലി
നന്ദിയോടെ വാഴുവാൻ
നല്ലതെല്ലാം ചെയ്തിടും
നല്ല കുട്ടി ഞാൻ
നന്മ ചെയ്തു കൂട്ടുകൂടും
നല്ല കുട്ടി ഞാൻ




ശ്രീജ നടുവം പുതുക്കാട്

# ജിമിക്കി കുരങ്ങൻ

എഴുത്ത്
**റെജി മലയാലപ്പുഴ**
വര
**ദേവസി**




ഒരു ദിവസം ജിമിക്കി കുരങ്ങൻ മരം ചാടിനടക്കുമ്പോഴാണ് ആ കാഴ്ചകണ്ടത്.
ദേ. അത് കിണ്ടൻ കരടിയാണല്ലോ. അങ്ങേരെന്താ അവിടെ നിന്ന് പരുങ്ങുന്നത്.
ഇന്ന് ഞാനീ തടിമാടന്റെ തലമണ്ട എറിഞ്ഞുപൊട്ടിക്കും. ഹും, എന്നോടാക്കളി.
ഈശ്വരാ.... ഇത് ചതിയാണല്ലോ
എടാ കിണ്ടൻ കരടി. നിനക്കിട്ടൊരുപണി തരുന്നുണ്ട്.
കിണ്ടൻ ചിമ്പനാനയുടെ നേരെ കല്ല് തൊടുത്തുവിട്ടു. ഈസമയം ജിമിക്കി കുരങ്ങൻ തന്റെ ജിമിക്കികമ്മൽ കുലുക്കി.
ദാ പിടിച്ചോ തടിമാടാ


അപ്പോൾ ആ കല്ല് പഴുത്ത നല്ലൊരു പൂവൻ കുലയായി മാറി
ങേ. ഇതാരപ്പാ പഴക്കുലകൊണ്ട് എറിയുന്നത്.
ശ്ശെടാ.. ഞാൻ കല്ലുവച്ചാണല്ലോ എറിഞ്ഞത് പിന്നെ ഇതെങ്ങനെ സംഭവിച്ചു.
ഹാവൂ ആശ്വാസമായി. ഇതാരുചെയ്താലും അവന് നൂറുകോടി പുണ്യം കിട്ടും.
അണ്ണാ, ഇതൊക്കെ മുകളിൽ ഇരുന്ന് ഒരാൾ കാണുന്നുണ്ട് എന്ന് ഓർക്കണം.ഹി...ഹി...
ഓഹോ, അപ്പോ നിന്റെ വേലത്തരമായിരുന്നു. അല്ലേ, നിനക്ക് ഞാൻ വച്ചിട്ടുണ്ടെടാ മരംചാടി



# പുഞ്ചിരികൾ പലവിധം

**ചി**രി ഇഷ്ടമില്ലാത്ത ആരും ഉണ്ടാവില്ല. മറ്റുള്ളവരുടെ പുഞ്ചിരിക്കുന്ന മുഖം കാണാനാണ് എല്ലാവർക്കും ഇഷ്ടം. പുഞ്ചിരിക്ക് ഒരു പ്രത്യേക മനോഹാരിതയുണ്ട്, മാസ്മരികതയുണ്ട്. പുഞ്ചിരി കാണുന്ന ആൾക്ക് മാത്രമല്ല പുഞ്ചിരിക്കുന്ന ആൾക്കും ഒരേസമയം സന്തോഷമനുഭവിക്കാനാവും.

കൂട്ടുകാർ, പ്രിയപ്പെട്ടവർ, ബന്ധുക്കൾ എന്നിവരോടൊപ്പമായിരിക്കുമ്പോൾ പുഞ്ചിരിക്കാൻ എളുപ്പമാണ്. എന്നാൽ നമ്മുടെ പുഞ്ചിരിയുടെ ലോകം കുറേക്കൂടി വിശാലമാക്കണ്ടെ? പുഞ്ചിരികൊണ്ട് അനേക ഹൃദയങ്ങളിലെ ഇരുൾ അകറ്റിയ അലിവിന്റെ മാലാഖയാണ് മദർ തെരേസ. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന മരണാ

## Learning tips

Don't be afraid to take chances, and don't be afraid if learning some thing new. Trust yourself, trust yours instincts and push forward. Sometimes things don't jell right away, but if you persist, they will.

സന്നരേയും രോഗികളെയും ആശ്രമത്തിൽ കൊണ്ടുവന്ന് പരിചരിക്കുമായിരുന്നു. ഒരിക്കൽ കൽക്കട്ടയിലെ തെരുവിൽ നിന്നും ഇരുകാലുകളും പുഴുവരിച്ച വ്രണങ്ങളുമായി ഒരു സ്ത്രീയെ കൊണ്ടുവന്നു. വല്ലാത്ത ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു. ദിവസങ്ങൾ നീണ്ട പട്ടിണി, മരുന്നു പുരട്ടാത്തതിനാൽ ചീഞ്ഞളിഞ്ഞ വ്രണങ്ങൾ. അവഗണനയും വേദനയും ഒറ്റപ്പെടലും അവരെ വല്ലാതെ തളർത്തിയിരുന്നു. ആളുകൾ അറപ്പോടെ മാത്രം കണ്ടിരുന്ന അവരുടെ അടുത്തേക്ക് എത്തിയത് മദർ തെരേസ മാത്രം!

ആശ്രമത്തിൽ കൊണ്ടുവന്ന് കുളിപ്പിച്ചു. വ്രണങ്ങൾ മുടിയ ഇരുകാലുകളും ബക്കറ്റിലെ മരുന്ന് കലർത്തിയ ലായനിയിൽ ഇറക്കിവച്ചു. പുഴുക്കൾ നുരച്ചിറങ്ങാൻ തുടങ്ങി..... കാലുകൾ തുടച്ച് വൃത്തിയാക്കി മദർ തെരേസ മരുന്ന് വച്ചുകെട്ടി. പുതിയ വസ്ത്രങ്ങൾ ധരിപ്പിച്ച് അവരെ കോരിയെടുത്ത് കട്ടിലിൽ കൊണ്ടുപോയി കിടത്തി. പുഞ്ചിരി സമ്മാനിച്ച് തിരിച്ചു നടക്കാൻ തുടങ്ങിയ മദറിന്റെ കൈയിൽ ആ സ്ത്രീ പിടുത്തമിട്ടു. മെല്ലെ മുഖം ചായിച്ച് മദറിന്റെ കൈയിൽ ചുംബിച്ചു. എന്നിട്ട്, വിടർന്നൊരു പുഞ്ചിരി അവർ മദറിന് സമ്മാനിച്ചു.

അന്നു രാത്രി മദർ തെരേസ ഡയറിയിൽ ഇങ്ങനെ കുറിച്ചിട്ടു. "ഇന്ന് എന്റെ ദൈവം എന്നെ നോക്കി പുഞ്ചിരിച്ചു."



## ഈ 'ഷോ'

ആ ഷോ
ഈശോ
ഈഷോ
ഈശോ
അവിടെയുമിവിടെയുമെന്തൊരു-
ഷോ
'ഈശോ'
ആ ഷോ എനിക്കു സ്വന്തം
ഈശോ എനിക്കു സ്വന്തം

"ഭൂമിയിൽ വലിയ കാര്യങ്ങളൊന്നും ചെയ്യാൻ നമുക്കായെന്നുവരില്ല എന്നാൽ, ചുറ്റുമുള്ളവരെ നോക്കി നല്ലൊരു പുഞ്ചിരി സമ്മാനിക്കാൻ നമുക്കാവും. പുഞ്ചിരിക്കുക, അതിനേക്കാൾ മഹത്തരമായി മറ്റൊന്നുമില്ല.."

-മദർ തെരേസ

# സ്വാതന്ത്ര്യത്തിന്റെ അർത്ഥം



ഒരു ഈസോപ്പു കഥ പറയാം. തടിച്ചുകൊഴുത്ത് മിനുത്ത ഒരു നായയും വിശന്ന് അവശനായ ഒരു ചെന്നായയും കണ്ടുമുട്ടി. ചെന്നായ നായയോട് ചോദിച്ചു. "താങ്കൾ എങ്ങിനെയാണ് തടിച്ചു കൊഴുത്തിരിക്കുന്നത്?"

"എനിക്ക് എന്റെ യജമാനൻ നിത്യവും രുചികരമായ ഭക്ഷണം തരുകയും നന്നായി നോക്കുകയും ചെയ്യുന്നതു കൊണ്ടാണ്." നായ പറഞ്ഞു.

"എങ്കിൽ എനിക്കും കൂടി താങ്കളുടെ ഭക്ഷണത്തിൽ പങ്കു പറ്റാനാകുമോ?" ചെന്നായയുടെ ചോദ്യത്തിന് നായ നിസംശയം മറുപടി നൽകി. "തീർച്ചയായും. പക്ഷെ യജമാനന്റെ വീടും പരിസരവും സംരക്ഷിക്കാൻ എന്നെ സഹായിക്കണമെന്നേയുള്ളൂ."

അപ്പോഴാണ് നായയുടെ കഴുത്തിലെ പാട് ചെന്നായയുടെ ശ്രദ്ധയിൽ പെട്ടത്.

"അയ്യോ, ഇതെന്താ? കഴുത്തിലെന്തു പറ്റി?" ചെന്നായ ചോദിച്ചു.

"അതോ, അത് ചങ്ങലയുടെ പാടാണ്. പകൽ എന്നെ യജമാനൻ ചങ്ങലയിൽ കെട്ടിയിടും. രാത്രിയിലേ അഴിച്ചു വിടൂ." ഇതു കേട്ട ചെന്നായയ്ക്ക് മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. "അയ്യോ, ഞാനില്ലേ, പട്ടിണിയാണേലും എനിക്ക് ഇപ്പോഴത്തെ അവസ്ഥ മതി." ചെന്നായ രക്ഷപ്പെട്ടു.

ഒരാളുടെ അടിമയായിരിക്കുന്ന അവസ്ഥ ആരും ആഗ്രഹിക്കുന്നില്ല. ആരുടേയും നിർബന്ധമില്ലാതെ സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യുവാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്.

"സ്വാതന്ത്ര്യം തന്നെ അമൃതം, സ്വാതന്ത്ര്യം തന്നെ ജീവിതം പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം." എന്നാണ് മഹാകവി കുമാരനാശാൻ എഴുതിയിരിക്കുന്നത്.

എന്താണ് സ്വാതന്ത്ര്യം?

## 'സൂ' വിശേഷമല്ല




സുവിശേഷമാകണം ജീവിതം
വെറും വിശേഷമാകരുത് ജീവിതം
സുവിശേഷമാകണം ജീവിതം
"Zoo' വിശേഷമാകരുത് ജീവിതം

സ്വാമി വിവേകാനന്ദൻ പറയുന്നത് കേൾക്കുക. "സ്വാതന്ത്ര്യബോധം നാം നീക്കിയാലും നീങ്ങില്ല. അത് ഇല്ലാഞ്ഞാൽ ഒരു കർമ്മവും സാധ്യമല്ല. ജീവിതം തന്നെ അസാധ്യം."

ഭരണഘടനയുടെ 19-ാം ആർട്ടിക്കിൾ താഴെപ്പറയുന്ന സ്വാതന്ത്ര്യങ്ങൾ പൗരന് ഉറപ്പു നൽകുന്നു.

1. അഭിപ്രായം പറയുവാനും പ്രകടിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം.
2. ആയുധമില്ലാതെ സമാധാനപരമായി സമ്മേളിക്കുന്നതിനുള്ള സ്വാതന്ത്ര്യം.
3. സംഘടനകൾ രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യം.
4. ഭാരതത്തിൽ എവിടേയും താമസിക്കുന്നതിനുള്ള സ്വാതന്ത്ര്യം.
5. ഏതു തൊഴിൽ സ്വീകരിക്കുന്നതിനും വ്യവസായമോ വാണിജ്യമോ നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യം.

എന്തും ചെയ്യുവാനുള്ള .... അവകാശമല്ല സ്വാതന്ത്ര്യം. ഒരു വ്യക്തി തനിക്ക് തോന്നിയതുപോലെയൊക്കെ ചെയ്താൽ അവയിൽ പലതും മറ്റു വ്യക്തികൾക്ക് ദോഷകരമായി തീരാം. അങ്ങിനെ വരാതിരിക്കാനാണ് പൊതുനന്മയെ കരുതി നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്.

സമൂഹത്തിന്റെ നിലനിൽപ്പിന്, സ്വാതന്ത്ര്യത്തിന്മേൽ ധാർമ്മികവും നിയമപരവുമായ ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. അപരനെ സഹോദരനായി, അപരന്റെ വേദന എന്റെ വേദനയായി, അപരന്റെ പ്രശ്നം എന്റെ പ്രശ്നമായി കാണുമ്പോഴാണ് അടിമത്തത്തിന്റെ, പാരതന്ത്ര്യത്തിന്റെ കെട്ടുകൾ അഴിയുക. ശരിയായ വിധത്തിൽ സ്വാതന്ത്ര്യം ഉപയോഗിക്കുന്നവർ സമൂഹത്തിൽ ആദരിക്കപ്പെടുന്നു.

മഹാത്മാഗാന്ധി സ്വാതന്ത്ര്യത്തെപ്പറ്റി പറയുന്നത് കേൾക്കുക.

"ഞാൻ വ്യക്തി സ്വാതന്ത്ര്യത്തെ മാനിക്കുന്നു. എന്നാൽ മനുഷ്യൻ ഒരു സമൂഹജീവിയാണെന്ന് മറന്നുകൂടാ. സമൂഹത്തിന്റെ പുരോഗതിക്കാവശ്യമായ ഘടകങ്ങളുമായി തന്റെ വ്യക്തിസ്വാതന്ത്ര്യത്തെ പൊരുത്തപ്പെടുവാൻ പരിശീലിച്ചതിനാലാണ് മനുഷ്യന് ഇന്നത്തെ നിലയിൽ എത്താനായത്. അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യം കാട്ടുജന്തുക്കളുടെ സ്വഭാവമാണ്. പൊതുനന്മയ്ക്കായി സ്വന്തം ഹിതങ്ങൾ ചുരുക്കിയാൽ വ്യക്തിയും സമൂഹവും ഒരു പോലെ പുരോഗമിക്കും."

ഒരു വ്യക്തിയെന്ന നിലയിൽ നമുക്ക് നമ്മുടേതായ ഇടമുണ്ട്, സ്വാതന്ത്ര്യമുണ്ട്.

കുടുംബത്തിൽ നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത് മാതാപിതാക്കളെ അനുസരിക്കുന്നതിനും സഹോദരങ്ങളെ സ്നേഹിക്കുന്നതിനും കുടുംബത്തിലെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനും വേണ്ടിയാണ്. വിദ്യാലയത്തിൽ ലഭിക്കുന്ന സ്വാതന്ത്ര്യം അധ്യാപകരെ ആദരിക്കുന്നതിനും നന്നായി പഠിക്കുന്നതിനും സ്കൂളിന്റെ സൽപ്പേര് നിലനിറുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സൽസ്വഭാവികളായ സഹപാഠികളെ തെരഞ്ഞെടുക്കുന്നതിനുമൊക്കെ വിനിയോഗിക്കണം. സർഗാത്മക കഴിവുകൾ വളർത്തിയെടുക്കണം.

തിന്മ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്ന പ്രലോഭനങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം നമുക്കാവശ്യമാണ്.

നമ്മുടെ സ്വാതന്ത്ര്യം മറ്റൊരാളിന്റെ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുന്നതാകരുത്. സ്വാതന്ത്ര്യം വ്യക്തിയുടെ അവകാശമാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുക ഉത്തരവാദിത്വവുമാണ്. ഉത്തരവാദിത്വമില്ലെങ്കിൽ വ്യക്തി സ്വാതന്ത്ര്യം അർഹിക്കുന്നുമില്ല.



# The National Flag

► Every free nation of the world has its own flag,It is a symbol of a free country.The National flag of india was adopted in its present from during the meeting of contituent assembly held on the 22 july 1947,a few days before India's independence from the British on 15th August 1947.It served as the National flag of the Dominion of india between 15 August 1947 and 26 January 1950and that of the Republic of india thereafter,In india the term 'tricolour'refers to the indian National flag..

► The National flag of india is a horizontal rectangular tricolour of india saffron,white and india green,with the Ashoka chakra,a 24 -spoke wheel,in navy blue at its centre ....By law,,the flag is to be made of khadi,a special type of hand spuncloth or silk,made popular by Mahatma Gandhi.

*"Logic will get you from A-Z;*
*imagination will get you everywhere"* *-Albert Einstein*

- Ashoka chakra.
  The Ashoka chakra is a depiction of the Buddhist Dharmachakra,represented with 24 spokes.It is so called because it appears on a number of edicts of Ashoka,most prominent among which is the Lion capital of saranath which has been adopted as the National emblem of the Republic of india.

- 3 colours of National flag represent..
  In the National flag of india the top band is of saffron colour,indicating the strength and courage of the country. The white middle band indicates peace and truth with Dharma chakra,The last band is green in colour shows the fertility,growth and auspiciousness of the land,...

- The Indian National flag represents the hopes and aspirations of the people of india.It is the symbol of our National Pride. Over the last five decades,several people including members of armed forces have ungrudgingly land down their lives to keep the tricolour flying in its full glory.... *- Neenu Titius*

- *The ancient Egyptian believed that the sun was a God, born every morning and dying every evening.*

- *Sleep is controlled by the brain stem. Dreaming is stimulated by signals from a part of the brain stem called he pons.*

- *Butterflies are active during the day and moths are active at the night.*



# മറന്നുപോയ ഓണപ്പൂക്കൾ

കുട്ടുകാരെ ഇനി ദിവസങ്ങളേ ഉള്ളൂ ഓണത്തിന് ഓരോ മലയാളിയും മനസ്സു കൊണ്ട് എന്നും കൊച്ചു കുട്ടിയാവാൻ കൊതിക്കുന്ന ദിവസം. എന്തെന്നാൽ ഓരോ ഓണത്തിനും പൂക്കളമിടാൻ മത്സരിക്കുന്നത് കുട്ടികളാണ് ഇന്ന് അത്തപ്പൂക്കളത്തിൽ നാം മറന്നുപോയ ചില സുന്ദരമായ പൂക്കളെ പരിചയപ്പെടാം



## തുമ്പപ്പൂ

ഓണപ്പൂക്കളിൽ പ്രധാനി. നിരവധി രോഗങ്ങൾക്കുള്ള മരുന്നായി തുമ്പപ്പൂ ഉപയോഗിച്ചിരുന്നു. മാവേലി മന്നൻ പ്രത്യേകിച്ച് അനുഗ്രഹിച്ചതാണ് തുമ്പപ്പൂവിനെ എന്നാണ് ഐതിഹ്യം.



## മുക്കുറ്റി

ഓണപ്പൂക്കളിൽ ഏറ്റവും അവശ്യം വേണ്ട പൂവാണ് മുക്കുറ്റി. എന്നാൽ ഇന്ന് മുക്കുറ്റി എന്നത് നാട്ടിൻ പുറങ്ങളിൽ മാത്രം അപൂർവ്വമായി കണ്ടു വരുന്നതാണ്. പൂക്കളത്തിൽ പ്രത്യേക സ്ഥാനമുണ്ടായിരുന്നു ഈ മുക്കുറ്റിക്ക്.



## തുളസി

തുളസി, പൂവ് അല്ലെങ്കിലും ഓണത്തിന് പല വീടുകളിലും പൂക്കളത്തിൽ ഉപയോഗിച്ചിരുന്ന ഇലയാണ്, തുളസി പൂക്കളത്തിൽ ഉണ്ടാവുന്നത് തന്നെ ഒരു ഐശ്വര്യമായിരുന്നു.



## ചെമ്പരത്തി

ചെമ്പരത്തി പൂക്കളങ്ങളിലെ പ്രധാനി ആയിരുന്നു. പല നിറങ്ങളിലുള്ള ചെമ്പരത്തിയാണ് പൂക്കളത്തെ വ്യത്യസ്തമാക്കിയിരുന്നത്.



## കോളാമ്പിപ്പൂ

മഞ്ഞ നിറത്തിലുള്ള കോളാമ്പിപ്പൂ ഏവരുടേയും മനം നിറയ്ക്കു ന്നതാണ്. മാത്രമല്ല കണ്ണിനു കുളിർമ്മ പകരുന്ന ഒരു പൂവാണിത്. എന്നാൽ ഇന്ന് വീടുകളിൽ പോലും കോളാമ്പിപ്പൂവിനെ കാണാറില്ല.



## കണ്ണാന്തളിപ്പൂ

കണ്ണാന്തളിപ്പൂക്കളാണ് ഓണപ്പൂക്കളത്തിലെ പ്രധാന ആകർഷണീയത. എന്നാൽ ഇന്ന് എല്ലാം ഓർമ്മ മാത്രം.



